
ബൈബിൾ
ട്രൂത്ത്
THE BIBLE TRUTH

# പുതിയ നിയമ സഭ

സ്ഥാപകൻ - ക്രിസ്തു. സ്ഥലം - യെരുശലേം. എപ്പോൾ - എ.ഡി. 33-ൽ. മത്തായി 16:18 തല - ക്രിസ്തു എഫെ. 1:22 പ്രവൃത്തി 2:5-47 പ്രവൃത്തി 2 തലസ്ഥാനം - സ്വർഗ്ഗം - ഫിലി 3:20

| | | |
|---|---|---|
| സംഘടന എഫെ 3:15 | മൂപ്പന്മാർ | - തീത്തൊ 1:5-7, പ്രവൃത്തി 20:23 1തിമൊ 3:1-7 |
| | ശുശ്രൂഷകന്മാർ | - പ്രവൃത്തി 6:1 1തിമൊ 3:8-13 |
| | അംഗങ്ങൾ | - പ്രവൃത്തി 2:41-47, കൊലൊ 1:13, 1 കൊരി 1:2 |
| സഭയെ അറിയപ്പെട്ടത് എഫെ 3:15 | ദൈവസഭ | - 1കൊരി 1:2, പ്രവൃത്തി 20:28 |
| | ക്രിസ്തുവിന്റെ ശരീരം | - കൊലൊ 1:13, എഫെ 1:22-23 |
| | ക്രിസ്തുവിന്റെ സഭകൾ | - മത്താ. 16:18, റോമർ 16: 16 |
| | ക്രിസ്തുവിന്റെ മണവാട്ടി | - റോമർ 1:4, വെളി. 21:9 |
| അംഗങ്ങളെ അറിയപ്പെട്ടത് എഫെ 3:15 | ശിഷ്യന്മാർ | - യോഹ. 15:8, പ്രവൃത്തി 11:26 |
| | വിശുദ്ധന്മാർ | - റോമർ 1:7, 1 കൊരി 1:2, ഫിലി. 1:1 |
| | സഹോദരന്മാർ | - ലൂക്കോ 8:21, ഗലാത്യർ 6:1 |
| | മക്കൾ | - ഗലാത്യർ 3:26, 1 യോഹ 2:1 |
| | ക്രിസ്ത്യാനികൾ | - പ്രവൃത്തി 11:26, 26:28, 1 പത്രൊ 4 :16 |
| വിശ്വാസ നിയമവും | ദൈവവചനം | - മത്തായി 28:18-20, 2 തിമൊ. 3:16-17 2 പത്രൊ 1:3 |
| പരിശീല നവും | പാട്ട് | - കൊലൊ 3:16, എഫെ 5:19, 1 കൊരി 14:15, എബ്രാ 2:12 |
| | പ്രാർത്ഥന | - 1തെസ 5:17 |
| | പ്രസംഗം | - പ്രവൃത്തി 5:42 |
| ആരാധന | കർത്തൃമേശ | - പ്രവൃത്തി 20:7, 1 കൊരി 11:23 |
| | ധർമ്മ ശേഖരം | - 1 കൊരി 16:1-2 |
| ദൗത്യം | ആത്മാക്കളെ രക്ഷിക്കൽ | - മത്താ. 5:13-16, യോഹ 15:8-16, 1 തിമൊ 4:16 |
| മുന്നറിയിപ്പ് | വിശ്വസ്തരായിരിക്കണം | - മത്തായി 15:9, 15:13, ഗലാ. 1:6-8, 2 യോഹ. 9-10 |

# THE BIBLE TRUTH

Editors

P.K. VARGHESE　　　　J.C. CHOATE

000　　000　　000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol.19　　September 2005　　No. 6

## എഡിറ്റോറിയൽ

ഇന്ന് സമൂഹം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിൽ ഒന്നാണ് ആക്രമണം. തനിക്കു നേടിയെടുക്കാൻ പറ്റാത്തതു മറ്റൊരാൾ നേടിയെടുക്കുമ്പോൾ ഒരുകൂട്ടർ അസഹിഷ്ണുത പ്രകടിപ്പിക്കുന്നു. തന്റെ അല്ലെങ്കിൽ തങ്ങളുടെ സാമ്രാജ്യത്തിനു ഭീഷണിയായി ഉയരുന്ന രാജ്യങ്ങളെ ആക്രമിച്ചു കീഴ്പ്പെടുത്തുന്ന മനോഭാവം രാജാക്കന്മാർക്ക് പണ്ടേയുണ്ടായിരുന്നു. അങ്ങനെ അനേകം പേരെ കൊന്നൊടുക്കുകയും പലതും നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ വ്യക്തികൾ തമ്മിൽ ഉള്ള ആക്രമണവും കുലയും വിരളമായിരുന്നു പണ്ട്. കയ്യൂക്കുള്ളവർക്കു എന്തും ആകാം എന്ന നില വന്നിരിക്കയാണ് ഇപ്പോൾ. ഇത് തികച്ചും അപകടകരമായ പ്രവണതയാണ്. എന്താണ് ആളുകൾ ഇങ്ങനെ പെരുമാറുന്നത്? ഇതിനു പല കാരണങ്ങൾ നമുക്കു പരിശോധിച്ചാൽ കണ്ടെത്താൻ കഴിയും. മുഖ്യമായ കാരണം ഇതിന്റെ പിന്നിലുണ്ട്. അതു നാം തിരിച്ചറിയണം. വിദ്യാഭ്യാസമുള്ളവർക്കിടയിലും ഉദ്യോഗസ്ഥന്മാർക്കിടയിലും ഈ പ്രവണത കാണുന്നുണ്ട്. മതപരമായ ലോകത്ത് ഇതു വേറൊരു രീതിയിലാണ് കാണപ്പെടുന്നത്.

പ്രതികാരം വീട്ടുവാനുള്ള ഒരു മനോഭാവം ബാല്യം മുതൽ മനുഷ്യരിൽ കാണുന്നുണ്ട്. ചെറുപ്പത്തിൽ ചെറിയ തോതിൽ പ്രതികാരം വീട്ടും. തനിക്കിഷ്ടപ്പെടാത്തതിനെ എതിർക്കുകയും പരാജയപ്പെടുത്തുകയും ചെയ്യാൻ ആളുകൾ ആഗ്രഹിക്കുന്നു. ശകാരിക്കുമ്പോൾ തിരിച്ച് ശകാരിച്ചാൽ ഒരു സുഖം കിട്ടുന്നു എന്ന തോന്നൽ. തിന്മയെ തിന്മകൊണ്ട് എതിർക്കുക എന്നതാണ് മാനുഷിക തത്വം. ഇതു ഫലത്തിൽ പ്രശ്നം സങ്കീർണ്ണമാക്കുകയേ ഉള്ളൂ

എന്നവർ മനസിലാക്കുന്നില്ല. ശരീരത്തിന്റെ പ്രാകൃതമായ സ്വഭാവമാണിത്. കർത്താവ് സകല മനുഷ്യരെയും പഠിപ്പിച്ചത് തിന്മയെ നന്മകൊണ്ട് എതിർക്കാനാണ്. അതുകൊണ്ടാണ് യേശുപറഞ്ഞത് "നിന്റെ വലത്തെ ചെകിട്ടത്ത് അടിച്ചാൽ ഇടത്തേത് കാണിച്ചുകൊടുക്ക എന്ന്". നിസാരമോ സാരമോ എന്തുകാരണമായാലും ആക്രമണം ദൈവമക്കളിൽ പാടില്ല. എല്ലാവരെയും സ്നേഹിക്കാനാണ് ക്രിസ്തുവും അപ്പൊസ്തലന്മാരും സകല മനുഷ്യരെയും പഠിപ്പിച്ചത്. നമ്മുടെ ഉള്ളിൽ കന്മഷം ഉണ്ടാകുവാനാണ് സാത്താൻ നമ്മിൽ ആഗ്രഹിക്കുന്നത്. നിഷേധ പ്രവർത്തികൾക്കു നമ്മെ പ്രോത്സാഹിപ്പിക്കുന്നതു ദുഷ്ട ശക്തിയാണ് നാം ഒരിക്കലും ദുഷ്പ്രേരണക്കു; വശംവദരാകരുത്.

ധനത്തെ ഇന്നു മനുഷ്യർ അതിരു കവിഞ്ഞ നിലയിൽ കണക്കാക്കുന്നുണ്ട്. പണമുണ്ടെങ്കിൽ എല്ലാവരും അവരെ മാനിക്കും, കരുതും എന്നുചിന്തിക്കുന്നവർ ധനത്തിനുവേണ്ടി എന്തും ചെയ്യാൻ തയ്യാറാകും. പണമില്ലാത്തവർ പണത്തിനുവേണ്ടി എന്തും ചെയ്യാൻ തയ്യാറാകുമ്പോൾ പണമുള്ളവർ, പണത്തെ മോഹിക്കുന്നവർ തടസമായി നില്ക്കുന്നവരെ ഇല്ലാതാക്കാൻ അവർ പണം കൊടുത്ത് മറ്റൊരാളെ ഏല്പിക്കും അപ്പോൾ ഒരാൾക്കുവേണ്ടി വേറൊരാൾ കൊല്ലുവാനും തയ്യാറാവുന്നു. അതാണല്ലോ മാഫിയാ എന്നറിയപ്പെടുന്ന രീതി. പാപത്തെക്കുറിച്ചോ, ആത്മാവിനെക്കുറിച്ചോ, ദൈവത്തെക്കുറിച്ചോ അവർ ചിന്തിക്കുന്നില്ല. താല്ക്കാലിക നേട്ടത്തിനായിട്ടാണ് ഇവരെല്ലാം പ്രവർത്തിക്കുന്നത്. പക്ഷെ പിടിക്കപ്പെടുമ്പോൾ ശിക്ഷയിൽ നിന്നു രക്ഷപ്പെടാൻ കഴിയുന്നില്ല. അവർ തടവിലാകുമ്പോൾ സാധാരണ കുടുംബജീവിതം അവർക്കു അന്യമാകുന്നു. അവരുടെ ഈ അകൃത്യം എത്ര വ്യക്തികളെ, എത്ര കുടുംബങ്ങളെ അതുബാധിക്കുമെന്ന് അവർ ആലോചിക്കുന്നില്ല. ഈ മനുഷ്യർ നേരായ ജീവിതത്തിലേക്ക് തിരിച്ചു വരുവാനാണ് അവരെക്കുറിച്ചു ദൈവം ആഗ്രഹിക്കുന്നത്.

ബാല്യം മുതൽ അഭ്യസിപ്പിച്ച് കൊണ്ടുവന്നാൽ സ്വഭാവ വൈശിഷ്ട്യം വളർത്തിയെടുക്കാനും തദ്വാര ഇത്തരത്തിലുള്ള സ്വഭാവദൂഷ്യം അകറ്റുവാനും കഴിയും. അന്യോന്യം സ്നേഹിക്കുവാനും എല്ലാവരെയും ബഹുമാനിക്കുവാനും പഠിപ്പിക്കണം.

★

# വലിയ നിധി

## J.C. ചോട്ട്

യേശു ഭൂമിയിൽ ജനിച്ചു വളർന്നു തൻെറ ദൗത്യത്തിലേക്കു പ്രവേശിച്ചപ്പോൾ ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അതുകൊണ്ടു മാനസാന്തരപ്പെടുവിൻ എന്നു പ്രസംഗിച്ചുതുടങ്ങി. പക്ഷെ യഹൂദന്മാർക്കു പ്രവാചകന്മാർ മുഖാന്തരം അരുളിച്ചെയ്ത രാജ്യത്തെ അവർക്കു മനസിലായില്ല. അതുകൊണ്ട് താൻ സ്ഥാപിപ്പാനിരിക്കുന്ന രാജ്യത്തെ ഉപമിച്ചു കൊണ്ട് അസംഖ്യം ഉപമകൾ യേശു പറയുകയുണ്ടായി. "ദൈവരാജ്യം വയലിൽ ഒളിച്ചുവച്ച നിധിയോടു സദൃശം അതു ഒരു മനുഷ്യൻ കണ്ടു മറച്ചിട്ടു, തന്റെ സന്തോഷത്താൽ ചെന്നു തനിക്കുള്ളതൊക്കെയും വിറ്റു ആ വയൽ വാങ്ങി. പിന്നെയും സ്വർഗ്ഗരാജ്യം നല്ല മുത്തു അന്വേഷിക്കുന്ന ഒരു വ്യാപാരിയോടു സദൃശം. അവൻ വിലയേറിയ ഒരു മുത്തു കണ്ടെത്തിയാറെ ചെന്നു തനിക്കുള്ളതൊക്കെയും വിറ്റു അതു വാങ്ങി" (മത്തായി 13:44-46).

ഇന്നത്തെ പദപ്രയോഗമനുസരിച്ച് ഒരു ഉപമയെ ചിത്രീകരണം എന്നു തരംതിരിച്ചിരിക്കയാണ്. അതായതു ഭൂമിയിലെ എന്തെങ്കിലും എടുത്ത് ആത്മീയ പഠനത്തിലേക്ക് കൊണ്ടു പോകയാണ്. ഈ രണ്ട് ഉപമകളിലും യേശു, ദൈവരാജ്യം അഥവാ സഭയെ വയലിൽ ഒളിച്ചുവച്ചിരിക്കുന്ന നിധിയോട് ഉപമിച്ചിരിക്കയാണ്. ഭൂമിയിലെ നിധി വളരെ പ്രാധാന്യമുള്ളതാണ്. അതായതു വെള്ളി സ്വർണ്ണം, ആഭരണങ്ങൾ പോലെ വളരെ വിലയേറിയതാണ്. വയലിൽ മറച്ചു വച്ചിരിക്കയാണ്. അതുകൊണ്ടാണ് നിരീക്ഷിക്കപ്പെടാതിരുന്നത്. മറ്റാരും അതു കണ്ടില്ല അല്ലെങ്കിൽ കണ്ടിട്ടും അവർക്കു മനസിലായില്ല. അതിന്റെ വിലയും അതുകൊണ്ട് അവർക്കറിയില്ല. അങ്ങനെ അവർ അതിനെ കടന്നുപോയി. ഈ വ്യക്തി അന്വേഷിച്ചതുകൊണ്ടോ യാദൃശ്ചികമായി കണ്ടതുകൊണ്ടോ അയാൾ അതു കണ്ടപ്പോൾ അതിന്റെ വില അറിയാവുന്നതുകൊണ്ട് അയാൾ അതു മറച്ചുവച്ചു. സന്തോഷത്താൽ തനിക്കുള്ളതൊക്കെയും വിറ്റു അവൻ ആ വയൽ വാങ്ങി. ഒരിക്കൽ ആ വയൽ വാങ്ങിയാൽ നിധി അയാളുടെ തിരഞ്ഞെടുപ്പനുസരിച്ച് ഉപയോഗിക്കാം.

രണ്ടാമത്തെ ഉപമ ഏതാണ്ടു ഒന്നാമത്തേതുപോലെ തന്നെ ഇതിൽ ഒരു മനുഷ്യൻ വിലയേറിയ മുത്ത് അന്വേഷിക്കുകയാണ്.

ഏതെങ്കിലും ഒരുമുത്ത് ആയിരുന്നില്ല അവന്റെ ലക്ഷ്യം. പ്രത്യേകതയുള്ള ഒരു മുത്തിനുവേണ്ടിയായിരുന്നു അവന്റെ തിരച്ചിൽ. അതു മറ്റു മുത്തുകളെക്കാൾ വിലയേറിയതാണ്. അവൻ ഒരു വ്യാപാരിയാണ് അതുകൊണ്ട് അവനറിയാം താൻ എന്താണ് അന്വേഷിക്കുന്നതെന്ന്. അവന്റെ അന്വേഷണം വിജയിക്കുക തന്നെ ചെയ്തു. ഒരിക്കൽ മുത്തു കണ്ടെത്തിയപ്പോൾ അവൻ തനിക്കുള്ളതൊക്കെ വിറ്റു ആ വിലയേറിയ മുത്ത് വാങ്ങി. കൈവശമാക്കി കഴിയുമ്പോൾ അവന് അത് ഉപയോഗിക്കാൻ കഴിയുന്നു. അവനതുകാണാം മറ്റുള്ളവരെ കാണിക്കാം വ്യാപാരം ചെയ്തു ലാഭമുണ്ടാക്കാം.

ഇപ്പോൾ നമുക്കെല്ലാം ഈ കഥകൾ സുപരിചിതമാണ്. ലോകത്തിൽ പോയാൽ വസ്തുക്കൾ വാങ്ങി വിറ്റു ലാഭമുണ്ടാക്കുന്നവരുണ്ട്. അങ്ങനെ ധനവാൻമാരാകുന്നു. അല്ലെങ്കിൽ എണ്ണക്കിണർ ആകാം, തടികൾ ആകാം, ഇവയെല്ലാം വാങ്ങി വിറ്റ് ലാഭമുണ്ടാക്കാം. ആധുനികമായി മൈക്രോസോഫ്റ്റ്, ഹാർഡ്‌വെയർ തുടങ്ങിയവ വിറ്റ് ലാഭമുണ്ടാക്കുന്നവരുണ്ട്. അതു നിങ്ങളുടെ കാഴ്ചപ്പാടനുസരിച്ചും എന്തന്വേഷിക്കുന്നു എന്നതും എല്ലാം നേട്ടത്തിന്റെ പിന്നിലുണ്ട്. മിക്കവാറും ആളുകൾ അവരുടെ പ്രവൃത്തിയിലും നേട്ടത്തിലും തൃപ്തരായേക്കാം. അതുകൊണ്ടവർ പ്രത്യേകതയുള്ളതും വിലയേറിയതുമായതു അന്വേഷിക്കയില്ല. അതുകൊണ്ട് അവർ നിധി കണ്ടെത്താറുമില്ല.

അമിതമായി ദൈവരാജ്യം (സഭ) എന്നതു ദൈവത്തിന്റെ സത്യമായ നിധിയാണ്. അതു ലോകത്തിൽ എക്കാലവും ഉണ്ട്. അതു ഏതെങ്കിലും സഭയല്ല , ചില സഭയല്ല, അല്ലെങ്കിൽ സഭകളിൽ ഒന്നല്ല. അതിൽ താല്പര്യമില്ലാത്തവൻ നിധി കണ്ടെത്തുകയില്ല. കാരണം സഭയുടെ വില വലുതാണ്. മറ്റെല്ലാം വിറ്റു അതു വാങ്ങാവുന്നതാണ്

എന്നാൽ കർത്താവിന്റെ രാജ്യം അഥവാ സഭയെ സംബന്ധിച്ച വസ്തുതകളെ നാം പരിഗണിക്കണം. അതു ബൈബിളിൽ വായിക്കുന്ന സഭയാണ്. തിരിച്ചറിയാവുന്ന അടയാളങ്ങൾ ഉണ്ട്. അതു യെരുശലേമിൽ സ്ഥാപിക്കപ്പെട്ടതാണ്(പ്രവൃത്തി 2). ഇന്നു വരെ അതു നിലനില്ക്കുന്നുണ്ട്. അതു നിത്യതവരെ തുടരും (ലൂക്കൊസ്1:33;1കൊരിന്ത്യർ 15:24)

വളരെ വ്യക്തമായും സ്പഷ്ടമായും ബൈബിളിൽ സഭയെ വിവരിച്ചിട്ടും ഭൂരിഭാഗം ആളുകളും അതു കാണുന്നില്ല. എന്താണ് കാരണം? അനേകം പേർ താല്പര്യം ഉള്ളവരല്ല. അതുകൊണ്ട് അവർ

നോക്കുന്നില്ല. അതുകൊണ്ട് അതുകണ്ടാലും എങ്ങനെയാണെന്നു തിരിച്ചറിയുന്നുമില്ല. ഭൂരിഭാഗം വരുന്ന ജനസമൂഹം ഏതു ദിശയിലും ചലിക്കും. എല്ലാ സ്ഥലത്തും നോക്കും. പക്ഷെ അവരുടെ നോട്ടം ലോകത്തിലുള്ളവരിലായിരിക്കും. വിലയില്ലാത്തതുനോക്കുന്നതു കൊണ്ട് വിലയുള്ള നിധി കാണുന്നില്ല. അതു വേണമെന്നു അവർ ആഗ്രഹിക്കുകയുമില്ല. വളരെ എളുപ്പത്തിൽ അവർ വഞ്ചിതരാകുന്നു. അവർ നിധിക്കു പകരം മറ്റൊന്നിനായി സമയം ചെലവിടുന്നു. – മനുഷ്യനിർമ്മിത സഭയിൽ തൃപ്തികണ്ടെത്തും. അവർ മനുഷ്യരുടെ വാഗ്ദാനങ്ങൾ സത്യമെന്നു കരുതി പാരമ്പര്യ ക്രമത്തെ അനുസരിച്ചു പോവുകയാണ്. സത്യമായ നിധി അവർക്കു നിധിയേ അല്ല.

യേശു പറഞ്ഞു, "എന്നോട് കർത്താവേ, കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത് കർത്താവേ, കർത്താവേ നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടുപറയും അന്നു ഞാൻ അവരോടു: ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല. അധർമ്മം പ്രവൃത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിൻ എന്നു തീർത്തു പറയും (മത്തായി 7:21–23)

ഇന്നു നമുക്കു യേശു പറഞ്ഞ ആ നിധി കണ്ടെത്താൻ കഴിയുമോ? തീർച്ചയായും, നാം നോക്കണം – ദൈവവചനം വായിച്ചു പഠിക്കണം. അതിൽ പറഞ്ഞിരിക്കുന്ന നിധി കണ്ടെത്തണം. സത്യത്തെ ആഴത്തിൽ സ്നേഹിച്ച് അതിൻപ്രകാരം ജീവിക്കണം. അതു നിസാരവും സ്പഷ്ടവുമാണ്. ആത്മാർത്ഥമായി ഒരാൾ ആ നിധിയെ അന്വേഷിച്ചാൽ കണ്ടെത്തും. അതിന്റെ വിലയും തിരിച്ചറിയും. തനിക്കും ആ നിധിക്കും തമ്മിൽ തടസമായതെല്ലാം അയാൾ നീക്കി കളയും. ഉള്ളതെല്ലാം വില്ക്കുവാനും തയ്യാറാകും. ആ നിധി കിട്ടുവാൻ ദൈവം കല്പിച്ചിരിക്കുന്നതെന്തും. അനുസരിപ്പാനും അയാൾ തയ്യാറാകും. ദൈവം പറഞ്ഞിരിക്കുന്നതെല്ലാം തന്നെ ചെയ്യുവാൻ ഒരാൾക്കു മനസുവേണമെന്നു മാത്രം. കർത്താവിൽ വിശ്വസിക്കുവാനും പാപങ്ങളെ ഉപേക്ഷിക്കുവാനും ക്രിസ്തു ദൈവപുത്രനെന്നു ഏറ്റു പറയുകയും പാപമോചനത്തിനായി സ്നാനമേല്ക്കുകയും വേണം. കർത്താവ് രക്ഷിക്കപ്പെടുന്നവരെയാണ് തന്റെ സഭയിലേക്കു ചേർക്കുന്നത്.

നമ്മുടെ മനോഭാവം ആണ് ദൈവത്തെ അനുസരിക്കണോ വേണ്ടയോ എന്നു തീരുമാനിക്കുന്നത്. ശരിയായ തീരുമാനമെടുക്കാൻ ശരിയും തെറ്റും തിരിച്ചറിയണം. നില നില്ക്കുന്നതും നില നില്ക്കാത്തതും വേർതിരിച്ചറിയണം. കർത്താവിന്റെ കല്പനകളുടെ പ്രസക്തിയും മനുഷ്യരുടെ കല്പനകളുടെ അപ്രസക്തിയും മനസിലാക്കണം. അതു മനസിലാക്കാതിരിക്കാൻ സാത്താൻ മനുഷ്യരുടെ മനസു കുരുടാക്കി വച്ചിരിക്കുകയാണ്. ദൈവമുൻപാകെ താഴുവാനുള്ള ഹൃദയമാണ് നമുക്ക് ആവശ്യം കർത്താവേ കല്പിച്ചാലും അടിയൻ അനുസരിക്കാം എന്ന നിലപാട് ഉണ്ടെങ്കിൽ കാര്യം വളരെ എളുപ്പം. മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ അതോടുകൂടെ മറ്റെല്ലാം നമുക്കു തരാമെന്നു ദൈവം വാഗ്ദാനം ചെയ്തിട്ടുണ്ട്.

അവസാനം ആ വലിയ നിധിയായ രാജ്യമാകുന്ന സഭ കിട്ടിക്കഴിഞ്ഞാൽ, സത്യത്താൽ വീണ്ടും ജനിച്ചു രക്ഷ പ്രാപിച്ചതുകൊണ്ട് നിത്യജീവനും പ്രത്യാശയും ലഭിക്കുന്നു. ദൈവം ആ സഭയിൽ വെച്ചിരിക്കുന്ന വാഗ്ദാനങ്ങൾ എല്ലാം അനുഭവിക്കാൻ കഴിയുന്നത് അപ്പോഴാണ്. ക്രിസ്തുവിന്റെ സ്നേഹവും കരുതലും നമുക്കുണ്ടാകും. അവൻ വീണ്ടും വരുന്നതു തന്റെ സഭയെ ചേർക്കുവാനാണ്. ചേർത്തു കഴിഞ്ഞാൽ സഭ പിതാവിനു ഏല്പിച്ചു കൊടുക്കും. (1 കൊരിന്ത്യർ 15:23-24).

നിങ്ങളുടെ നിധി എന്താണ്? കർത്താവു പറഞ്ഞ വിലയേറിയ നിധി നിങ്ങൾ കണ്ടെത്തിയിട്ടുണ്ടോ? അതു നിങ്ങളുടെ സ്വന്തമാക്കാൻ നിങ്ങൾ എന്തെങ്കിലും ചെയ്തിട്ടുണ്ടോ? ദൈവത്തോടു കൂടിയ നിത്യജീവൻ എന്ന നിധി നിങ്ങൾ സൗമ്യതയോടെ സ്വീകരിക്കും എന്നു ഞാൻ പ്രത്യാശിക്കുന്നു.

## ഒരാൾക്കു കർത്താവിന്റെ സഭയിൽ എങ്ങനെ അംഗമായി തീരാം

### ജോർജ്. എൽ. ആർ

കർത്താവിന്റെ സഭയെക്കുറിച്ചു കേൾക്കാത്തവർ ഇന്നും ധാരാളമുണ്ട്. എന്താണ് കർത്താവിന്റെ സഭ എന്നോ? കർത്താവിന്റെ സഭയിൽ അംഗമാകുന്നതെങ്ങനെ എന്നോ? അറിയാത്തവർ

അസംഖ്യമാണ്. നിങ്ങളും ഒരുപക്ഷേ ആ കൂട്ടത്തിൽ പെടുന്നുണ്ടാകാം ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിനു ശേഷം പെന്തെകൊസ്തു നാളിലാണ് കർത്താവിന്റെ സഭ ആരംഭിച്ചത് (പ്രവൃത്തി 2). അന്നു ആളുകൾ എങ്ങനെ കർത്താവിന്റെ സഭയിൽ അംഗമായി തീർന്നു എന്നു അതു വായിച്ചാൽ നിങ്ങൾക്കു ഗ്രഹിക്കാം അതിനപ്പുറമായി നാം മറ്റൊന്നും നോക്കേണ്ട.

യേശു അപ്പൊസ്തലന്മാർക്കു കൊടുത്ത ആജ്ഞ ലോകത്തിൽ എങ്ങും പോകുക, സുവിശേഷം പ്രസംഗിക്കുക, വിശ്വസിക്കുന്നവരെ സ്നാനപ്പെടുത്തുക എന്നതായിരുന്നു. കാരണം പാപമോചനത്തിനു ദൈവം വെച്ചിരിക്കുന്നതു സുവിശേഷമാണ് ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പു എന്നിവ അടങ്ങുന്നതാണ് സുവിശേഷം (മർക്കൊസ് 16:15-16; ലൂക്കൊസ് 24:46,47) ഇതിലെ ഉള്ളടക്കം നാം ശരിയായി നിരീക്ഷിക്കണം. സകല ജാതികൾക്കും വേണ്ടതു ദൈവ വചനമാണ്. എല്ലാവരിലും സുവിശേഷം എത്തണം വേറൊന്നുമല്ല എത്തിക്കേണ്ടത്. സുവിശേഷം ക്രിസ്തുവിനെ വെളിപ്പെടുത്തുന്നു. എല്ലാവരും സുവിശേഷം കേട്ടു ക്രിസ്തുവിൽ വിശ്വസിക്കണം. പാപമാണല്ലൊ മനുഷ്യരെ ഭേദമെന്യേ അലട്ടുന്നത്. ദൈവ നിയമത്തെ ലംഘിക്കുന്നതു പല കാരണങ്ങൾ കൊണ്ടാകാം. പക്ഷെ ദൈവവുമായി ബന്ധം പുലർത്തുവാൻ അവ ഉപേക്ഷിക്കണം നാം മനസ്സിൽ തീരുമാനിച്ചാണല്ലോ ഓരോന്നു പ്രവർത്തിക്കുന്നത്. ദൈവത്തോട് അടുക്കുന്നതും അങ്ങനെയാണ്. പാപമോചനം എല്ലാവർക്കും വേണ്ടതാണ്. കാരണം ആരും പാപം ചെയ്യാതിരിക്കുന്നില്ല. ശിക്ഷയിൽ നിന്നുള്ള വിടുതലാണ് രക്ഷ. അതിനു ക്രിസ്തുവിന്റെ രക്തവുമായി ബന്ധപ്പെടണം. അതിനാണ് സ്നാനം എന്ന കല്പന.

**പെന്തെകൊസ്തു നാളിൽ യെഹൂദന്മാർ**

പ്രവൃത്തി 2 ലെ പത്രോസിന്റെ പ്രസംഗത്തിലെ മുഖ്യ ഘടകങ്ങൾ ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയായിരുന്നു. യേശു ഉയിർത്തെഴുന്നേറ്റു എന്ന് അസന്നിഗ്ദ്ധമായി തെളിയിക്കുന്ന പ്രസംഗമായിരുന്നു. അത് അന്നുവരെയുള്ള യെഹൂദന്മാർ കാത്തിരുന്ന അതേ മശിഹയെ അവർ കൊല്ലുവാൻ ഏല്പിച്ചു കൊടുത്തു എന്ന യാഥാർത്ഥ്യം അവൻ അവരെ ബോധ്യപ്പെടുത്തി. അവർ ക്രൂശിൽ തറച്ചു കൊല്ലുവാൻ ഏല്പിച്ചു കൊടുത്ത യേശുവിനെ പിതാവായ ദൈവം

ഉയിർപ്പിച്ച് കർത്താവും ക്രിസ്തുവുമാക്കി വെച്ചു. "ഇതു കേട്ടിട്ടു അവർ ഹൃദയത്തിൽ കുത്തുകൊണ്ടു പത്രോസിനോടും ശേഷം അപ്പൊസ്തലന്മാരോടും: സഹോദരന്മാരായ പുരുഷന്മാരെ, ഞങ്ങൾ എന്തു ചെയ്യേണ്ടു എന്നു ചോദിച്ചു. പത്രോസ് അവരോട്: നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിന്നായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും (പ്രവൃത്തി 2:41). അതേ അദ്ധ്യായം 47-ാം വാക്യത്തിൽ" കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനമ്പ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു എന്നുവായിക്കുന്നു.

ഇങ്ങനെയാണ് ആദ്യം കർത്താവിന്റെ സഭയിൽ ആളുകൾ അംഗങ്ങളായത്. ഇതിനു വിപരീതമായിട്ടാണ് ലോകത്തുള്ള നാമധേയ വിഭാഗങ്ങളിൽ അംഗങ്ങളാകുന്നത്. ദൈവേഷ്ടപ്രകാരം വേണം നാം എന്തും ചെയ്യുവാൻ. അല്ലെങ്കിൽ നമുക്ക് യാതൊരു അനുഗ്രഹവും ദൈവത്തിൽ നിന്നു ലഭിക്കില്ല. തിരിച്ചറിയേണ്ട കാര്യം കർത്താവാണ് നമ്മെ രക്ഷിക്കേണ്ടത്. കർത്താവു തന്നെയാണ് നമ്മെ സഭയോട് ചേർക്കേണ്ടതും. വചനത്തിൽ പറയുന്നതു പോലെയാണോ നിങ്ങൾ രക്ഷിക്കപ്പെട്ടത്? നിങ്ങൾ കർത്താവു സ്ഥാപിച്ച സഭയിൽ അംഗമായി തീർന്നിട്ടുണ്ടോ?: മനുഷ്യ നിർമ്മിതമായ സഭയിലെ അംഗത്വമല്ല, നമുക്കാവശ്യം ദൈവ നിർമ്മിതമായ സഭയിലാണ് (മത്തായി 16:18).

സത്യം ദൈവവചനമാണ് പരിവർത്തനങ്ങളുടെ നിരവധി മാതൃക പ്രവൃത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് എല്ലാ പരിവർത്തനങ്ങളിലും ദൈവത്തെ അനുസരിക്കുന്ന മാതൃക ഒന്നു തന്നെ. പക്ഷേ മനുഷ്യർ ഇന്ന് ദൈവപദ്ധതിയെ കോട്ടിമറിച്ചാണ് പഠിപ്പിക്കുന്നത്. അതുകൊണ്ട് ആളുകൾ കലക്കത്തിലാണ്, അതുമാറണമെങ്കിൽ വചനം പരിശോധിക്കണം. ബൈബിൾ മാത്രമാണ് നാം അന്തിമമായി എടുക്കേണ്ടത് അപ്പൊസ്തലന്മാരെ പരിശുദ്ധാത്മാവ് ഐക്യതയിൽ തന്നെ നിലനിർത്തി. അവർ എവിടെയെല്ലാം പോയോ അവിടെയെല്ലാം ഒന്നു തന്നെ ഉപദേശിച്ചു. അവർ സംസാരിച്ചതും എഴുതിയതും രേഖപ്പെടുത്തിയിരിക്കയാണ്. ബൈബിളിലെ കല്പനകളും വാഗ്ദാനങ്ങളും നിർദ്ദേശങ്ങളും നമ്മുടെ ജീവിതം നേരെയാക്കുവാനുള്ളതാണ്.

കർത്താവു കല്പിച്ചിട്ടുള്ളതെല്ലാം നാം അനുസരിക്കണം

കർത്താവു കല്പിച്ചിട്ടുള്ളതെല്ലാം നാം അനുസരിക്കണം (മത്തായി 16:18,19) തന്നെ അനുസരിക്കുന്ന ഏവരുടേയും രക്ഷാനായകനാണ് ക്രിസ്തു. ബൈബിളിൽ പറഞ്ഞിരിക്കുന്ന രക്ഷ അനേകസാക്ഷികളാലും അത്ഭുതങ്ങളാലും അടയാളങ്ങളാലും തെളിയിക്കപ്പെട്ടതാണ്. അതുകൊണ്ട് ആ രക്ഷയെ നാം ഉപേക്ഷിക്കരുത് ദൈവരക്ഷ സൗജന്യമാണ് ദൈവകൃപയെ നാം കൈക്കൊള്ളുവാനാണ് കല്പനകൾ തന്നിരിക്കുന്നത്. കർത്താവാണ് ആ രക്ഷക്കുവേണ്ടി പ്രവർത്തിച്ചത്. ഒന്നാം നൂറ്റാണ്ടിൽ തന്നെ അപ്പൊസ്തലന്മാർ സുവിശേഷം ലോകത്തിൽ എല്ലാ സ്ഥലങ്ങളിലും എത്തിച്ചു. ആ സുവിശേഷമാണ് നമ്മുടെ രക്ഷക്കുള്ളത് (റോമർ 1:16).

### കൊരിന്ത്യർ

കൊരിന്ത്യയിലുള്ളവർ ഇതു തന്നെയാണ് സുവിശേഷം കേട്ടപ്പോൾ ചെയ്തത്. സുവാർത്ത അവരോടും പ്രസംഗിച്ചിരുന്നു (പ്രവൃത്തി 18:8). പള്ളി പ്രമാണിയായ ക്രിസ്പൊസ് തന്റെ സകലകുടുംബത്തോടും കൂടെ കർത്താവിൽ വിശ്വസിച്ചു; കൊരിന്ത്യരിൽ അനേകർ വചനം കേട്ടു വിശ്വസിച്ചു സ്നാനം ഏറ്റു. ഫിലിപ്പൊസ് ശമര്യയിൽ പ്രവർത്തിച്ചപ്പോൾ നടന്ന പരിവർത്തനത്തെയും വിവരിക്കുന്നുണ്ട് (പ്രവൃത്തി 8:12) എന്നാൽ ദൈവരാജ്യത്തെയും യേശുക്രിസ്തുവിന്റെ നാമത്തെയും കുറിച്ചുള്ള സുവിശേഷം അറിയിക്കുന്ന ഫിലിപ്പൊസിനെ അവർ വിശ്വസിച്ചപ്പോൾ പുരുഷന്മാരും സ്ത്രീകളും സ്നാനം ഏറ്റു. പുതിയ നിയമത്തിലെ മറ്റേതൊരു പരിവർത്തനവും നിങ്ങൾക്കു ബൈബിളിൽ പരിശോധിക്കാവുന്നതാണ് (പ്രവൃത്തി 17:11). ദൈവ രാജ്യം എന്നതു സഭയാണ് ദൈവരാജ്യത്തെയും പാപികളെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പാലമാണ് ദൈവിക രക്ഷാ പദ്ധതി. കല്പനകൾ നമ്മുടെ അനുസരണത്തിനു വേണ്ടി കല്പിച്ചിരിക്കുന്നതാണ്.

### ഇപ്പോൾ തന്നെ കർത്താവിനെ അനുസരിക്കുക

ദൈവത്തെ അന്വേഷിക്കുന്ന ആൾ ആദ്യമായി ചെയ്യേണ്ടതു ദൈവം വീണ്ടെടുക്കുവാൻ അയച്ച ക്രിസ്തുവിൽ വിശ്വസിക്കുക എന്നതാണ് (എബ്രായർ 11:6; യോഹന്നാൻ 8:21-24). ഒരിക്കൽ ഒരാൾ വിശ്വാസത്തോടെ പാപത്തെ വിട്ടു കളഞ്ഞു ക്രിസ്തുവിനെ അനുസരിച്ചു ജീവിക്കുവാൻ തീരുമാനിക്കുന്നതാണ് മാനസാന്തരം.

പക്ഷെ രൂപാന്തരജീവിതം തുടരുന്നതാണ് പ്രശ്ന പരിഹാരം (ലൂക്കൊസ് 13:3; പ്രവൃത്തി 17:30). സ്നാനത്തിനു മുൻപു ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റു പറയുകയും അതു വീണ്ടും തുടരുകയും വേണം ആയുഷ്കാലം മുഴുവൻ അതു നിരന്തരമായി പറയേണ്ടതാണ് (റോമർ 10:9,10) ജല സ്നാനത്തോടുകൂടെയാണ് പ്രവേശനാനുസരണം പൂർത്തിയാകുന്നത് (മർക്കൊസ് 16:16; പ്രവൃത്തി2:38, 22:16)

യേശുവിന്റെ മരണത്തിലും അടക്കത്തിലും ആലങ്കാരികമായി പങ്കു ചേരുന്ന അനുസരണമാണ് ജലസ്നാനം (റോമർ 6:3-4) ശുദ്ധീകരണം ദൈവ വചനത്താലും ക്രിസ്തുവിന്റെ രക്തത്താലുമാണ്. ഏകരക്ഷകനായ കർത്താവു സത്യത്തിന്റെ പരിജ്ഞാനത്തെ അനുസരിക്കുന്നവരെയാണ് തന്റെ കൃപയാൽ രക്ഷിക്കുന്നത്. ദൈവം വെളിപ്പെടുത്തിയ ഈ സത്യമാർഗ്ഗം നിങ്ങൾ സൗമ്യതയോടെ കൈക്കൊള്ളും എന്നു ഞങ്ങൾ പ്രത്യാശിക്കുന്നു. കർത്താവും രക്ഷിതാവുമായ ക്രിസ്തുവിന്റെ സഭയിൽ അംഗമായി തീരാൻ ആഗ്രഹിക്കുന്നുവെങ്കിൽ ദയവായി ഞങ്ങളെ അറിയിക്കുക.

## അപ്രത്യക്ഷമാകുന്നവസ്തുക്കളിൽ ആഗ്രഹിക്കരുത്

**ക്ലേം തർമാൻ**

ജീവിതം ഒരു പ്രയാണമാണ് എങ്കിലും പലപ്പോഴും തെറ്റായ കാര്യങ്ങളെയാണ് തേടിക്കൊണ്ടിരിക്കുന്നത്. ബൈബിൾ പറയുന്നതു "നിങ്ങളുടെ ജീവൻ എങ്ങനെയുള്ളത്? അല്പ നേരത്തേക്കു കാണുന്നതും പിന്നെ മാഞ്ഞുപോകുന്നതുമായ ആവിയല്ലോ"? (യാക്കൊബ് 4:14) ജീവിതത്തിൽ നമ്മുടെ ലക്ഷ്യവും ഉദ്ദേശങ്ങളും നിർവ്വഹിക്കുമ്പോൾ നാം സാധാരണ അന്വേഷിക്കുന്നത് ഭദ്രതയും നിലനിൽപുമാണ്. നമുക്കു സുഖവും ലാഭവും വരുത്തുന്ന വസ്തുക്കളെയാണ് നാം ഇഷ്ടപ്പെടുന്നത്. അവ നീണ്ടു നില്ക്കണമെന്നും നമുക്ക് ആഗ്രഹമുണ്ട് യാക്കൊബ് ചൂണ്ടിക്കാണിച്ചത് ജീവൻ ഒരു ആവി പോലെയാണെന്നാണ്. അതു പെട്ടെന്നു മാഞ്ഞു പോകും. ജീവിതത്തിന്റെ ഉദ്ദേശം അന്വേഷിച്ചറിഞ്ഞ വ്യക്തിയാണ് ശലോമാൻ. ഭൂമിക്കു

കല്പനകളെ പ്രമാണിക്കുക. അതാകുന്നു സകല മനുഷ്യർക്കും വേണ്ടത് (സഭാപ്രസംഗി 12:13). ഒരായുഷ്ക്കാലം മുഴുവൻ ഇല്ലാതാകുന്നതിനു വേണ്ടി അദ്ധ്വാനിച്ചിട്ട് അവസാനം യഥാർത്ഥത്തിൽ ഇതു ലഭിക്കാതെ വരുമ്പോൾ ഉണ്ടാകുന്ന ദുഃഖം എത്രമാത്രം വലുതായിരിക്കും!

**ഭൗതിക സമ്പാദ്യങ്ങൾ അപ്രത്യക്ഷമാകും**

ഇന്നു റേഡിയോ, ടെലിവിഷൻ, മാഗസീനുകൾ, വർത്തമാന പത്രങ്ങൾ തുടങ്ങിയവ നമ്മെ ആധുനിക ജീവിതത്തിൽ വിജയം, ധനം, ശക്തി എന്നിവ വാഗ്ദാനം ചെയ്യുന്നുണ്ട്. ഒരാൾ ധാരാളം പണം ഉണ്ടാക്കിയില്ലെങ്കിൽ അവൻ ജീവിതത്തിൽ പരാജിതനാണ്. പണമുണ്ടായാൽ അവൻ വിജയിച്ചു എന്നു പറയും. അവന്റെ മറ്റു ജീവിതചര്യകളിൽ അവൻ ഏതു സ്വഭാവക്കാരനായാലും ആളുകൾ അതൊന്നും നോക്കുന്നില്ല. അനേക കിലോമീറ്റർ കിട്ടുമെന്ന പ്രചരണത്തോടെ വാഹനം പരസ്യപ്പെടുത്തും. ആളുകൾ അതു വാങ്ങി ഓടിക്കുമ്പോഴാണ് കബളിപ്പിക്കപ്പെട്ട വിവരം അറിയുന്നത് തുണിത്തരങ്ങൾ, പാത്രങ്ങൾ, ഫർണിച്ചർ എന്നിങ്ങനെ എല്ലാ സാധനങ്ങളുടേയും പുറമെയുള്ള ആകർഷണത്തിലും പരസ്യത്തിലും അനവധി പേർ കുടുങ്ങിയിട്ടുണ്ട്. വിജയത്തിനു വേണ്ടി വാങ്ങി പരാജയപ്പെടുന്നവരുണ്ട്. അന്ധമായി പ്രലോഭനങ്ങളെ വിശ്വസിക്കുന്നു. തൽഫലമായി വഞ്ചിക്കപ്പെടുന്നു. നാം ചിന്തിക്കേണ്ട കാര്യം ഇതെല്ലാം അപ്രത്യക്ഷമാകും എന്നാണ് "യേശു അവരോട്: സകല ദ്രവ്യാഗ്രഹവും സൂക്ഷിച്ചു ഒഴിഞ്ഞു കൊൾവിൻ ഒരുത്തനു സമൃദ്ധി ഉണ്ടായാലും അവന്റെ വസ്തുവകയല്ല, അവന്റെ ജീവനു ആധാരമായിരിക്കുന്നതു എന്നു പറഞ്ഞു" (ലൂക്കൊസ് 12:15).

യേശു പഠിപ്പിച്ച ആ സത്യം നാം പഠിക്കണം. ഒരാൾ തന്റെ ദൈവത്തോടുള്ള അവന്റെ കടമ മറന്നുകൊണ്ട് ധനത്തെ ആശ്രയിച്ചു ജീവിച്ച ഒരാളുടെ കഥ യേശുക്രിസ്തു പറയുന്നുണ്ട്. വസ്തുവക സ്വരൂപിച്ചു ആശ്വസിക്ക, തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്നതായിരുന്നു അവന്റെ ലക്ഷ്യം. പക്ഷെ കർത്താവ് അവനോട്: മൂഢാ ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും. പിന്നെ നീ ഒരുക്കി വെച്ചതു ആർക്കാകും എന്നു പറഞ്ഞു: ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കു തന്നേ നിക്ഷേപിക്കുന്നവന്റെ കാര്യം ഇങ്ങനെ ആകുന്നു

(ലൂക്കൊസ്12:20-22) എന്നാൽ നമ്മൾ പഠിക്കുന്നില്ല. ഉണ്ടോ? നമ്മൾ എന്നിട്ടും ഭൗതികവസ്തുക്കൾക്കായി ഓടും. അവയാൽ ജീവിത വിജയത്തെ കാണും എന്തുകൊണ്ട് 1 തിമൊഥെയൊസ് 6:6-10 വരെയുള്ള വാക്യത്തിലെ ജ്ഞാനം നാം ഉൾക്കൊള്ളുന്നില്ല. "അലംഭാവത്തോടു കൂടിയ ദൈവഭക്തി വലുതായ ആദായം ആകുന്നു താനും. ഇഹലോകത്തിലേക്കു നാം ഒന്നും കൊണ്ടു വന്നിട്ടില്ല. ഇവിടെ നിന്നും യാതൊന്നും കൊണ്ടു പോകുവാൻ കഴിയുന്നതുമല്ല. ഉൺമാനും ഉടുപ്പാനും ഉണ്ടെങ്കിൽ അതു മതി എന്നു നാം വിചാരിക്ക. ധനികന്മാർ ആകുവാൻ ആഗ്രഹിക്കുന്നവർ പരീക്ഷയിലും കണിയിലും കുടുങ്ങുകയും മനുഷ്യർ സംഹാര നാശങ്ങളിൽ മുങ്ങിപ്പോകുവാൻ ഇടവരുന്ന മൗഢ്യവും ദോഷകരവുമായ പല മോഹങ്ങൾക്കും ഇരയായിതീരുകയും ചെയ്യുന്നു. ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലൊ. ഇതു ചിലർ കാംക്ഷിച്ചിട്ടു വിശ്വാസം വിട്ടകന്നു ബഹുദുഃഖങ്ങൾക്കു അധീനരായി തീർന്നിരിക്കുന്നു".

സ്വർഗ്ഗീയമായ ധനത്തെ അവിടെ വിട്ടു ഭൂമിയിൽ വന്ന യേശു മനുഷ്യനായി ഭൂമിയിൽ നടന്നപ്പോൾ അവൻ പറഞ്ഞതു: കുറുനരികൾക്കു മാളവും ആകാശത്തിലെ പക്ഷികൾക്കു കൂടുമുണ്ട് മനുഷ്യപുത്രനോ തല ചായ്ക്കാൻ ഇടമില്ല (മത്തായി 8:20) എന്നാണ്. നാം പ്രാധാന്യത്തോടെ കരുതുന്ന യാതൊന്നും യേശു ഭൂമിയിലായിരുന്നപ്പോൾ കരുതിയില്ല. ഈ ലോകത്തിൽ നാം എന്തു സമ്പാദിച്ചാലും നിക്ഷേപിച്ചാലും അതു പൊയ്പ്പോകും. പുഴുവും തുരുമ്പും കെടുക്കുന്ന ഈ ഭൂമിയിൽ നിക്ഷേപിക്കാതെ നില നില്ക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിക്കുവാനാണ് കർത്താവ് നമ്മെ പഠിപ്പിച്ചത് (മത്തായി 6:19-20). ആത്മീയ കാര്യങ്ങളാണ് നിലനില്ക്കുന്നത് അതുകൊണ്ട് ക്രിസ്ത്യാനികൾ കാണുന്നതിനെ അല്ല, കാണാത്തതിനെ നോക്കിപാർത്തിരിക്കുന്നു. കാണുന്നതു താല്ക്കാലികം. കാണാത്തതോ നിത്യം (2 കൊരിന്ത്യർ 4:18).

### പ്രചാരവും അഭിമാനവും അപ്രത്യക്ഷമാകും

സ്നേഹിക്കപ്പെടുവാൻ ആഗ്രഹിക്കുന്നതു സ്വാഭാവികമാണ്. നമ്മളെല്ലാം അതു ആഗ്രഹിക്കുന്നവരാണ്. ആരും നിന്ദിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്നില്ല. വെറുക്കപ്പെടുവാനും ആഗ്രഹിക്കുന്നില്ല. മറ്റുള്ളവരുടെ പുകഴ്ച്ച ചിലപ്പോൾ നാം ഗണ്യമാക്കാതെ പോകുന്നു. മറ്റുള്ളവർ നമ്മെ പുകഴ്ത്തി

ഗണ്യമാക്കാതെ പോകുന്നു. മറ്റുള്ളവർ നമ്മെ പുകഴ്ത്തി പറയുമ്പോൾ ശ്രദ്ധിക്കുക "നാശത്തിനു മുമ്പെ ഗർവ്വം; വീഴ്ച്ചക്കു മുമ്പെ ഉന്നതഭാവം" (സദൃശവാക്യങ്ങൾ 16:18). അത്തരം പുകഴ്ത്തൽ ഇഷ്ടപ്പെടുന്നവർ അതു നിലനിർത്തുവാൻ ചില തത്വങ്ങൾക്കു വിട്ടുവീഴ്ച ചെയ്യും. മതപരമായ ആളുകളും ഇത്തരം വഞ്ചനയിൽ കുടുങ്ങാറുണ്ട്. ചിലർ യേശുവിൽ വിശ്വസിച്ചുവെങ്കിലും അവരെ പള്ളിയിൽ നിന്നു പുറത്താക്കാതിരിക്കാൻ അവർ ഏറ്റു പറഞ്ഞില്ല. അവർ ദൈവത്താലുള്ള മാനത്തേക്കാൾ മനുഷ്യരാലുള്ള മാനത്തെ സ്നേഹിച്ചു (യോഹന്നാൻ 12:42-43) അവർ അതു ചെയ്യേണ്ടതാണെന്നു അറിഞ്ഞുവെങ്കിലും അവരുടെ പ്രസിദ്ധി നിമിത്തം ഏറ്റു പറഞ്ഞില്ല. തമ്മിൽ ഐകമത്യമുള്ളവരായി വലിപ്പം ഭാവിക്കാതെ എളിയവരോടു ചേർന്നു കൊൾവിൻ; നിങ്ങളെത്തന്നെ ബുദ്ധിമാന്മാർ എന്നു വിചാരിക്കരുത് (റോമർ 12:18) ദൈവം ഇയ്യോബിനോട് ചില ചോദ്യങ്ങൾ ചോദിക്കയുണ്ടായി ഞാൻ ഭൂമിക്കു അടിസ്ഥാനമിട്ടപ്പോൾ നീ എവിടെയായിരുന്നു? നിനക്കു വിവേകമുണ്ടെങ്കിൽ പ്രസ്താവിക്ക അതിന്റെ അളവു നിയമിച്ചവൻ ആർ? നീ അറിയുന്നുവോ? അല്ല, അതിനു അളവു നൂൽ പിടിച്ചവനാർ? ഗർഭത്തിൽ നിന്നെന്നപോലെ സമുദ്രം ചാടിപ്പുറപ്പെട്ടപ്പോൾ അതിനെ കതകുകളാൽ അടച്ചവൻ ആർ? നിന്റെ ജീവകാലത്തൊരിക്കലെങ്കിലും നീ പ്രഭാതത്തിനു കല്പന കൊടുക്കയും അരുണോദയത്തിനു സ്ഥലം നിർദ്ദേശിക്കയും ചെയ്തിട്ടുണ്ടോ? ഇവയെല്ലാം സൂചിപ്പിക്കുന്നതു സർവ്വ ശക്തനിൽ ആശ്രയിക്കുന്നവനാണ്. ഡംഭം നമ്മിൽ പാടില്ല എന്നതു ശ്രദ്ധിക്കുക.

**പാപത്തിന്റെ സുഖം പെട്ടെന്നു അപ്രത്യക്ഷമാകും**

പാപത്തിൽ യാതൊരു താല്പര്യമോ സുഖമോ കണ്ടെത്താത്ത ആളുകളുണ്ടെന്ന് ഞാൻ പറഞ്ഞു കേട്ടിട്ടുണ്ട് അതു പക്ഷെ പൂർണ്ണമായും അംഗീകരിക്കാൻ പ്രയാസമാണ് പരീക്ഷണത്തിനു വിധേയരായ ആളുകളെക്കുറിച്ചു നാം ധാരാളം കേട്ടിട്ടുണ്ട് പക്ഷെ പരീക്ഷണമേ ഉണ്ടായിട്ടില്ല എന്നു ആരെങ്കിലും പറഞ്ഞു കേട്ടിട്ടുണ്ടോ? ഇല്ല തന്നെ വളർത്തി വലുതാക്കിയവരോടുള്ള കടപ്പാട് നിലനിർത്തി ജീവിക്കണോ അതോ ദൈവജനമായ യിസ്രായേലിനെ സഹായിക്കണോ? ഏതു തിരഞ്ഞെടുക്കണം എന്നതു മോശെയെ ബാധിക്കുന്ന കാര്യമായിരുന്നു. വിശ്വാസത്താൽ മോശെ, താൻ വളർന്നപ്പോൾ

പാപത്തിന്റെ തല്ക്കാല ഭോഗത്തേക്കാളും ദൈവ ജനത്തോടുകൂടെ കഷ്ടം അനുഭവിക്കുന്നതു തിരഞ്ഞെടുത്തു. പ്രതിഫലം നോക്കിയതുകൊണ്ട് ഫറവോന്റെ പുത്രിയുടെ മകൻ എന്നു വിളിക്കപ്പെടുന്നതു നിരസിക്കയും മിസ്രയിമിലെ നിക്ഷേപങ്ങളേക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്നു എണ്ണുകയും ചെയ്തു (എബ്രായർ 11:24-26)

ദേമാസ് അപ്പൊസ്തലനായ പൗലോസിന്റെ കൂട്ടു വേലക്കാരനും വിശ്വസ്തനുമായിരുന്നു പിന്നെ അപ്പൊസ്തലൻ അവനെ കുറിച്ചു പറഞ്ഞതു "ദേമാസ് ഈ ലോകത്തെ സ്നേഹിച്ചിട്ടു എന്നെ വിട്ടു തെസ്സലൊനിക്യയിലേക്കു പോയി" (2 തിമൊഥെയൊസ് 4:10) ലോകത്തെയും ലോകത്തിലുള്ളതിനേയും സ്നേഹിക്കരുത് എന്നു കർത്താവു മുന്നറിയിച്ചിട്ടുണ്ട് (1 യോഹന്നാൻ 2:15) പക്ഷേ ദേമാസ് ആ മുന്നറിയിപ്പിനെ അവഗണിച്ചു. ഒരുപക്ഷേ അവൻ പാപത്തിന്റെ ഭോഗേച്ഛയിൽ അകപ്പെട്ടിരിക്കാം. വർഷങ്ങൾക്കു ശേഷം അതു അവനെ കാർന്നു തിന്നാൻ തുടങ്ങിയിരിക്കും. കാരണം പാപത്തിന്റെ അനന്തര ഫലം നമ്മുടെ പ്രതീക്ഷക്കപ്പുറമാണ്. വേദനാ ജനകമാണ്. ശേഷിച്ച കാലം അതു വേട്ടയാടിക്കൊണ്ടിരിക്കും ഇപ്പോഴത്തെ ദുഷ്ടലോകത്തിൽ നിന്നു നമ്മെ വിടുവിക്കേണ്ടതിന് ആയിരിക്കണം നമ്മുടെ പ്രാർത്ഥന (ഗലാത്യർ 1:3)

**നമ്മുടെ ഭൂമിയിലെ ജീവൻ പെട്ടെന്നു അപ്രത്യക്ഷമാകും**

"പക്ഷേ ഞങ്ങൾക്കു ഉപജീവനമാർഗ്ഗം തേടേണ്ടേ എന്നായിരിക്കും ചിലരുടെ ഒഴികഴിവുകൾ. കർത്താവിനെ സേവിക്കാത്തതെന്ത് എന്ന ചോദ്യത്തിനു അവർ നല്കുന്ന മറുപടിയാണിത്. വീണ്ടും യാക്കൊബ് എഴുതിയിരിക്കുന്നതു നോക്കുക". ഇന്നോ നാളെയോ ഞങ്ങൾ ഇന്ന പട്ടണത്തിൽ പോയി അവിടെ ഒരാണ്ടു കഴിച്ചു വ്യാപാരം ചെയ്തു ലാഭം ഉണ്ടാക്കും എന്നു പറയുന്നവരേ, കേൾപ്പിൻ; നാളത്തേതു നിങ്ങൾ അറിയുന്നില്ലല്ലൊ. നിങ്ങളുടെ ജീവൻ എങ്ങനെയുള്ളത്? അല്പ നേരത്തേക്കു കാണുന്നതും പിന്നെ മാഞ്ഞു പോകുന്നതുമാകുന്നു. (യാക്കൊബ് 4:13-14). ഒരിക്കൽ മരണവും പിന്നെ ന്യായവിധിയും മനുഷ്യർക്കു ദൈവം നിയമിച്ചിരിക്കുന്നു (എബ്രായർ 9:27) ജീവനുള്ളവർ മരിക്കും എന്നറിയുന്നു. മരിച്ചവരോ ഒന്നും അറിയുന്നില്ല. നാം ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തിയതാകിലും അതിനുതക്ക പ്രതിഫലം വാങ്ങേണ്ടതാകുന്നു.

കുറച്ചു ആഴ്ചകൾക്കു മുൻപു ഞാൻ യെരുശലേം പട്ടണത്തിൽ നിന്നു കണ്ട കാഴ്ച്ച, പുരാതന നഗരത്തെക്കുറിച്ചു പുരാതനമായ പലതും കണ്ടെടുക്കയുണ്ടായി. ബൈബിളിൽ അബ്രഹാമിന്റെ കാലം മുതൽ പല സംഭവങ്ങൾക്കും സാക്ഷ്യം വഹിച്ച പട്ടണമാണത് (ഉല്പത്തി 14:18). ലോക ചരിത്രത്തിൽ ഇതിലും പ്രാധാന്യമുള്ള ഒരു പട്ടണം വേറൊന്നില്ല. അധികമായ എല്ലാ അടയാളങ്ങളും അവിടെ നിന്നു പോയി പട്ടണത്തിന്റെ മനോഹാരിത എല്ലാം മണ്ണിനടിയിലായി.

മാഞ്ഞു പോകുന്ന ആവി പോലെയുള്ളതിൽ ആശ്രയം വെക്കാതെ നിലനില്ക്കുന്ന നഗരമായ സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ യത്നിക്കുക കർത്താവിന്റെ കല്പനകൾ അനുസരിച്ചാൽ അവന്റെ രാജ്യത്തിൽ പ്രവേശിക്കാം.

★

സ്ത്രീകൾക്കു വേണ്ടി

## തെറ്റായ തീരുമാനങ്ങൾ —നിത്യമായ ഫലങ്ങൾ

**ബെറ്റി ബെർട്ടൺ ചോട്ട്**

ലോകത്തിൽ പല മതങ്ങൾ ഉണ്ട്, നിരവധി വിശുദ്ധ ഗ്രന്ഥങ്ങൾ ഉണ്ട്, അസംഖ്യം മതപരമായ ഉപദേഷ്ടാക്കന്മാരുമുണ്ട്. ഈ മതങ്ങൾ സ്ഥാപിച്ചവരെ അവരുടെ പിൻഗാമികൾ വിശുദ്ധരായാണ് കരുതപ്പെടുന്നത്. ഏതാനും പേർ അല്ലെങ്കിൽ ഭൂരിഭാഗം പേരും അവരുടെ മാതാപിതാക്കളുടെ മതത്തെ പിൻപറ്റി പോവുകയാണ് പതിവ്. അവർ വിചാരിക്കുന്നതു എല്ലാ മതങ്ങളും ഒരുപോലെയാണ്. വലിയ വ്യത്യാസമൊന്നുമില്ല. അവസാനം എല്ലാവരും ഒരേ സ്ഥാനത്തെത്തും എന്നും അവർ കരുതുന്നു. എല്ലാ മതങ്ങളും പറയുന്നതു "നല്ലതു ചെയ്യുക, നന്നായിരിക്കുക" എന്നാണ്. അതുമതി. നിങ്ങൾ മുഹമ്മദിനെ അനുഗമിച്ചാലും കൃഷ്ണനെ അനുഗമിച്ചാലും യേശുവിനെ അനുഗമിച്ചാലും ശരി എല്ലാം ഏതാണ്ട് ഒരുപോലെയാണ്.

ചോദ്യം എന്തെന്നാൽ എല്ലാം ഒന്നാണോ? വ്യത്യസ്തമതങ്ങളിലുള്ളവരെ വേർതിരിച്ച് കാണുവാൻ നിങ്ങൾക്കു കഴിയുന്നുണ്ടോ?

☞ അവർ വസ്ത്രധാരണം ചെയ്യുന്നതു എങ്ങനെ എന്നു നോക്കി?

☞ അവരുടെ സംസാരം ശ്രദ്ധിച്ചുകൊണ്ട്?

☞ അവർ മറ്റുള്ളവരോട് പെരുമാറുന്ന രീതി കണ്ടുകൊണ്ട്?

☞ അവരുടെ സ്വഭാവവും മൂല്യങ്ങളും അപഗ്രഥിച്ചുകൊണ്ട്?

☞ അവരുടെ ജീവിതത്തിലെ പ്രാധാന്യം കണ്ടുകൊണ്ട്?

☞ അവരുടെ കുടുംബാംഗങ്ങളോടു അവർ എങ്ങനെയിരിക്കുന്നു എന്നു സൂക്ഷിച്ചുകൊണ്ട്?

☞ എങ്ങനെ, എവിടെ അവർ ആരാധിക്കുന്നു എന്നു നോക്കിക്കൊണ്ട്?

☞ അവർ ദൈവത്തിൽ നിന്നു എന്തു പ്രതീക്ഷിക്കുന്നു എന്നു മനസിലാക്കികൊണ്ട്?

☞ ജീവിതത്തെയും മരണത്തെയും മരണശേഷമുള്ളതുമായവയെക്കുറിച്ചുള്ള അവരുടെ തത്വം കേട്ടുകൊണ്ട്?

☞ അവരുടെ ജീവിതത്തിൽ അവർ പാപത്തെ എങ്ങനെ നേരിടുന്നു എന്നു പഠിച്ചുകൊണ്ട്?

☞ അവരുടെ ഗുരുവും വിശുദ്ധഗ്രന്ഥവും പഠിപ്പിക്കുന്നതു പഠിച്ചുകൊണ്ട്?

ഇത്തരം ലിസ്റ്റ് നമുക്കു ധാരാളം ഉണ്ടാക്കാൻ കഴിയും. ഓരോ മതത്തെക്കുറിച്ചും ആരംഭം മുതൽ അന്ത്യം വരെ അവയുടെ സിദ്ധാന്തവും പരിശീലനവും നോക്കിയാൽ വളരെയധികം വ്യത്യാസമുള്ളതായി കാണാം. അവരുടെ ഉപദേശങ്ങളും പരിശീലനങ്ങളും അവരുടെ പ്രതീക്ഷകളും നോക്കിയാൽ എല്ലാം വിഭിന്നമാണെന്നു കാണാം.

ഏതെങ്കിലും ഒരു മതത്തെയോ മതവിഭാഗത്തെയോ പിൻപറ്റിയാൽ പോരാ എന്നു തെളിവുകൾ സഹിതം പറയാൻ കഴിയും. മാതാപിതാക്കളും ബന്ധുക്കളും അതിലായിരുന്നു എന്ന കാരണം യാഥാർത്ഥ്യത്തിനപ്പുറമായിരിക്കും. ബഹുജനം എന്തു ചെയ്യുന്നുവോ അതു ചെയ്യുക, ബഹുജനം എവിടെ ആരാധിക്കുന്നുവോ അവിടെ ആരാധിക്കൽ നമുക്കു ചുറ്റുപാടും കാണുന്ന യാഥാർത്ഥ്യമാണ് വ്യക്തിപരമായി ഓരോരുത്തരിലും ആത്മാവുണ്ട്. നമ്മുടെ ജീവിതത്തിൽ നാം ചെയ്യുന്നതിനെല്ലാം മതപരമായി ചെയ്യുന്നതിനും കണക്കു കൊടുക്കണം. നാം ഉദാസീനരാണെങ്കിൽ ഒന്നിനെ കുറിച്ചും കാര്യമാക്കുകയില്ല. ഓ,

ഉദാസീനരാണെങ്കിൽ ഒന്നിനെ കുറിച്ചും കാര്യമാക്കുകയില്ല. ഓ, മതമേതായാലെന്താ എന്നു കരുതും.

നാം ബുദ്ധിയുള്ളവരാണെങ്കിൽ ശ്രദ്ധിച്ച് കാര്യങ്ങളെ വിവേചിക്കും, ഉപദേശങ്ങളെ പരിശോധിക്കും, ആചാരങ്ങളെ താരതമ്യം ചെയ്യും. ആളുകളുടെ ജീവിതത്തെയും നോക്കും. സത്യം കണ്ടെത്തുക എന്നതായിരിക്കും അതിലെ ലക്ഷ്യം. കാരണം നാം ഒരു വിധത്തിലും വഞ്ചിക്കപ്പെടരുത് നമ്മെ ഓരോരുത്തരേയും വ്യക്തിപരമായി ബാധിക്കുന്നതാകയാൽ നാം ഇതു വളരെ ഗൗരവമായി തന്നെ എടുക്കണം.

ക്രിസ്ത്യാനിത്വവും മറ്റു മതങ്ങളും തമ്മിലുള്ള വ്യത്യാസങ്ങളിൽ ഏറ്റവും പ്രാമുഖ്യമായ വ്യത്യാസം എന്താണ്? മരിച്ച് അടക്കപ്പെട്ടു ഉയിർത്തെഴുന്നേറ്റ ഒരാൾ അതിന്റെ സ്ഥാപകൻ ആണ്. മറ്റൊരു മതത്തിനും അവകാശപ്പെടാനില്ലാത്ത ഒന്നാണത്. ഇതു സത്യമായി ചരിത്രം അംഗീകരിച്ച വസ്തുതയാണ്: ആർക്കും നിഷേധിക്കാനാകാത്തവിധം തെളിയിക്കപ്പെട്ടിരിക്കുന്നു. അവിടെ ആ സംഭവത്തോടെ തീരുന്നില്ല. അവന്റെ ശിഷ്യന്മാർ തുടർച്ചയായി സന്ദേശവാഹകരായി പ്രവർത്തിച്ചു. ക്രിസ്തു അവരെ പഠിപ്പിച്ചതെല്ലാം അവർ ലോകത്തുള്ളവരെ പഠിപ്പിച്ചു. അനേകം ആളുകൾ സത്യം കേട്ട് അടിസ്ഥാനമില്ലാത്ത മതങ്ങളെ ഉപേക്ഷിച്ചു സത്യ വചനം അനുസരിച്ചു ജീവിക്കാൻ തുടങ്ങി. പലർക്കും അതിന്റെ ഫലമായി നിത്യമായ സൗഭാഗ്യം ലഭിച്ചു. മരണാനന്തര ജീവിതം ദൈവം മുന്നറിയിച്ചിട്ടുള്ളതാണ്. അതു നഷ്ടപ്പെടുത്തി കളയരുതെന്ന ഉപദേശം ആരും മറക്കരുത്.

യേശുവിനെ ഇല്ലാതാക്കുവാൻ അവനിൽ ദുരാരോപണങ്ങൾ നിരത്തി, കള്ളസാക്ഷികളെക്കൊണ്ടു പറയിച്ചു അവനെ ക്രൂശിൽ തറപ്പിച്ചു കൊന്നു. എന്നാൽ മരിച്ചവരിൽ നിന്നു അവൻ ഉയിർത്തെഴുന്നേറ്റു ശത്രുക്കൾ ഉള്ള അതേ പട്ടണത്തിൽ അവൻ നാല്പതുനാൾ പ്രത്യക്ഷപ്പെട്ടു ശിഷ്യൻമാർക്കു ആവശ്യമായ കല്പനകളും പ്രബോധനങ്ങളും കൊടുത്തു താൻ മരണത്തെ ജയിച്ചു ജീവിക്കുന്നു എന്നു ലോകത്തെ ബോധ്യപ്പെടുത്തി.

അവന്റെ മൃതശരീരം അടക്കിയിരുന്ന കല്ലറ ഭദ്രമാക്കി കാവൽക്കാരെയും നിയമിച്ചിരുന്നു. മരണശേഷം യേശു ഉയിർത്തെഴുന്നേറ്റു വന്നപ്പോൾ അതിനെ തോല്പിക്കുവാൻ അവർക്കു യേശുവിന്റെ ശരീരം കൊണ്ടുവന്നു

കാണിക്കാമായിരുന്നു. പക്ഷേ അവർക്ക് അതിനു കഴിഞ്ഞില്ല. അവൻ ഉയിർത്തെഴുന്നേറ്റു എന്ന വാർത്ത അതുകൊണ്ട് അവന്റെ ശത്രുക്കൾക്കും നിഷേധിക്കാൻ കഴിഞ്ഞില്ല.

യേശുവിന്റെ മരണ സമയത്തു അവന്റെ ശിഷ്യന്മാർ ഭയന്നു ചിതറിപ്പോയിരുന്നു. എന്നാൽ അവൻ ഉയിർത്തെഴുന്നേറ്റ ശേഷം അവൻ കൊടുത്ത ആജ്ഞകൾ അവർ ഭയം കൂടാതെ നിറവേറ്റി. അതു ഉപദ്രവങ്ങളുടെ മദ്ധ്യേ ആയിരുന്നു. ആ വിശ്വാസത്തിനു വേണ്ടി അവർ അപമാനം ഏല്ക്കാനും, ഉപദ്രവം സഹിക്കുവാനും മരിക്കുവാൻ പോലും തയ്യാറായി. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിൽ അല്ലാതെ രക്ഷയില്ല എന്നു അവർ തറപ്പിച്ചു പറഞ്ഞു. ആ അപ്പൊസ്തലന്മാർ ദൈവശ്വാസിയമായി സംസാരിക്കയും വചനം എഴുതുകയും ചെയ്തു. അപ്പൊസ്തലന്മാർ യേശുവിന്റെ ജീവിതത്തിനും മരിച്ചുയർത്തെഴുന്നേറ്റതിനും സാക്ഷികൾ ആയിരുന്നു (പ്രവൃത്തി 1:8)

മറ്റുള്ള മതങ്ങളിൽ നിന്നും വ്യത്യസ്തമായി നില്ക്കുന്നതിൽ പരമപ്രധാനമായ കാര്യം, സ്ഥാപകൻ മരിച്ചു അടക്കപ്പെട്ടു ഉയിർത്തെഴുന്നേറ്റു എന്നതാണ്. "യേശുവിനെ മരിച്ചവരിൽ നിന്നുയർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എങ്കിൽ ക്രിസ്തുയേശുവിനെ മരണത്തിൽ നിന്നുയർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനെക്കൊണ്ടു നിങ്ങളുടെ മർത്യശരീരങ്ങളെയും ജീവിപ്പിക്കും" (റോമർ8:11) മുകളിൽ പറഞ്ഞ തിരഞ്ഞെടുപ്പിന്റെ അടിസ്ഥാനം പുനരവലോകനം നടത്തുക. ദൈവത്തിന്റെ വാഗ്ദാനങ്ങൾ, രക്ഷ, നിത്യജീവൻ, സ്വർഗ്ഗീയാനുഗ്രഹങ്ങൾ എന്നിവ സകല മനുഷ്യർക്കുമായി ദൈവം വെച്ചിരിക്കയാണ്.

## സ്നാനമാണോ ആദ്യം അതോ മാനസാന്തരമാണോ?

### പിയേഴ്സ് ബ്രൗൺ

യേശുക്രിസ്തുവിനു വഴിയൊരുക്കുവാൻ വന്ന യോഹന്നാൻ സ്നാപകൻ യെഹൂദ്യ മരുഭൂമിയിൽ പ്രസംഗിച്ചു. "ഞാൻ നിങ്ങളെ മാനസാന്തരത്തിനായി വെള്ളത്തിൽ സ്നാനം കഴിപ്പിക്കുന്നതേയുള്ളൂ. എന്റെ പിന്നാലെ വരുന്നവനോ എന്നേക്കാൾ ബലവാൻ

വൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം ഏല്പിക്കും" (മത്തായി 3:11). മൂലഭാഷയിലെ ഉപയോഗത്തെ തെറ്റിദ്ധരിച്ചു വ്യാഖ്യാതാക്കൾ സാധാരണജനങ്ങളിൽ ആശയക്കുഴപ്പം ഉണ്ടാക്കുകയാണ്. പക്ഷെ മലയാളത്തിൽ യാതൊരു തെറ്റിദ്ധാരണക്കും ഇടമില്ലാതെ വ്യക്തമാക്കിയിരിക്കുന്നു. യോഹന്നാന്റെ അടുക്കൽ ചിലർ മാനസാന്തരപ്പെടാതെ വെറുതെ സ്നാനമേല്ക്കാൻ വന്നപ്പോൾ യോഹന്നാൻ അവരോടു മാനസാന്തരത്തിന്റെ ഫലം പുറപ്പെടുവിക്കാൻ ആവശ്യപ്പെടുന്നുണ്ട്.

ഇതിനോടൊപ്പം ലൂക്കൊസ് 11:32 നമുക്കൊന്നു നോക്കാം: "നിനവേക്കാർ ന്യായവിധിയിൽ ഈ തലമുറയോടു ഒന്നിച്ചു എഴുന്നേറ്റു അതിനെ ന്യായം വിധിക്കും. അവർ യോനയുടെ പ്രസംഗം കേട്ടു മാനസാന്തരപ്പെട്ടുവല്ലൊ, ഇവിടെയിതാ യോനയിലും വലിയവൻ." മാനസാന്തരം എന്ന വാക്കിനു ഗ്രീക്കിൽ രണ്ടു വാക്കുകൾ ഉണ്ട്. ഒന്നിന്റെ അർത്ഥം ജീവിതത്തിൽ മാറുവാൻ തീരുമാനിക്കുക എന്നാണ്. ആ മാറ്റം ജീവിതത്തിൽ കാണാൻ കഴിയും എന്നർത്ഥം. വേറൊരു വാക്കിന്റെ അർത്ഥം പാപങ്ങളെക്കുറിച്ചുള്ള ദുഖം ആണ്. അത്തരത്തിലുള്ള ഒരു മനോഭാവമായിരുന്നു യൂദക്ക് ഉണ്ടായിരുന്നത്(മത്തായി 7:3). അവന്റെ ആ ദുഖം അവനെ ആത്മഹത്യയിലേക്ക് നയിച്ചു(മത്തായി 27:5). യഥാർത്ഥ മാനസാന്തരം എന്നതു അതിന്റെ പേരിൽ ദുഖിക്കാതിരിക്കുക എന്നാണ്. പാപത്തെ ഉപേക്ഷിച്ച് ദൈവ വഴിയിൽ ജീവിക്കുവാനുള്ള ധീരമായ സമീപനം ആണ് വേണ്ടത്.

ആകയാൽ യോഹന്നാൻ പ്രസംഗിച്ചതു പാപമോചനത്തിന്നായുള്ള മാനസാന്തര സ്നാനമാണ്. അതായത് മാനസാന്തരപ്പെട്ടു സ്നാനമേലക്കുക എന്നർത്ഥം (മർക്കൊസ് 1:4). "മാനസാന്തരത്തിനു യോഗ്യമായ ഫലം പുറപ്പെടുവിക്കുവിൻ എന്നാണ് യോഹന്നാൻ ജനത്തോടു പറഞ്ഞത് (മത്തായി 3:8). സ്നാനപ്പെടുന്നതിനു മുമ്പു ചില നല്ല പ്രവൃത്തികൾ ചെയ്തിട്ടു വരുവാനല്ല യോഹന്നാൻ പറഞ്ഞത് " പിന്നെയോ മാനസാന്തരപ്പെട്ടു എന്നു തെളിയിക്കുന്ന ജീവിതമാണു കാണേണ്ടത്. പിന്നീട് സ്നാനം ഏറ്റാലാണ് അതിന്റെ ശരിയായ ഫലം ലഭിക്കുന്നത്. വേറൊരർത്ഥത്തിൽ പറഞ്ഞാൽ സ്നാനം എന്നതു വെറുമൊരു ചടങ്ങായി ചെയ്യേണ്ടതല്ല. അതു മാനസാന്തരപ്പെട്ടവർക്കുള്ളതാണ്. ചുങ്കക്കാർ സ്നാനമേല്ക്കുവാൻ വന്നപ്പോൾ അവർ ചെയ്യേണ്ടതെന്തെന്നു ചോദിച്ചതിനു "നിങ്ങളോടു കല്പിച്ചതിൽ അധികമായി ഒന്നും പിരിക്കരുത്എന്നു പറഞ്ഞു" (ലൂക്കൊസ്

3:12-13)

മാനസാന്തരം എന്നതു നമ്മിൽ എപ്പോഴും ഉണ്ടാകേണ്ട ഒന്നാണ്. സ്നാനത്തിനു മുമ്പു നാം മാനസാന്തരപ്പെടുന്നത് അതു വരെ ചെയ്ത പാപങ്ങളിൽ നിന്നു വേർപെട്ട് ദൈവത്തിലേക്കു തിരിയുന്നതിനാണ്. സ്നാനമേറ്റശേഷം നമ്മളിൽ വരുന്ന തെറ്റുകൾക്ക് നാം അധീനരാകരുത് മാനസാന്തരം അത്യന്താപേക്ഷിതമാണ്. ചിലർ വിചാരിക്കുന്നത് ഒരിക്കൽ രക്ഷിക്കപ്പെട്ടാൽ പിന്നെ എങ്ങനെ ജീവിച്ചാലും കുഴപ്പമില്ല എന്നാണ്. ഇതു അബദ്ധധാരണയാണ്. നാം തുടർച്ചയായി പാപത്തിൽ ജീവിച്ചാൽ രക്ഷ നഷ്ടപ്പെടുകയും ആത്മാവ് നിത്യനരകത്തിൽ പോവുകയും ചെയ്യും. അതുകൊണ്ടു സ്നാനശേഷവും മാനസാന്തരം കൂടിയേതീരൂ. സ്നാനത്തിനുവേണ്ടിയുള്ള ഒരുക്കമായി മാനസാന്തരത്തെ എടുക്കാം രക്ഷ നമ്മിൽ നിലനിർത്തുന്നതിനുള്ള ഒന്നായി സ്നാനശേഷമുള്ള മാനസാന്തരത്തെ നാം കാണണം.

ദൈവവുമായി നിരപ്പു പ്രാപിക്കുവാൻ നാം നമ്മുടെ മനോഭാവത്തെ മാറ്റണം, ദൈവേഷ്ടത്തിനു വിരുദ്ധമായി നില്ക്കുന്ന ഏതു സാഹചര്യത്തെയും നാം മാറ്റിനിർത്തി നിർമ്മല മനസാക്ഷിയോടെ കർത്താവിന്റെ വചനത്തെ അനുസരിക്കണം അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും എന്നാണ് കർത്താവ് മുന്നറിയിച്ചത് (ലൂക്കൊസ് 13:3). ഇപ്പോൾ ദൈവം എല്ലാവരോടും മാനസാന്തരപ്പെടുവാൻ കല്പിച്ചിരിക്കയാണ്. സ്വസ്ഥതക്കും സമാധാനത്തിനും ആവശ്യമുള്ള ഈ കല്പനയെ നാം ഒരിക്കലും അവഗണിക്കരുത്. നമ്മെ സ്നേഹിക്കയും രക്ഷിക്കയും ചെയ്യുന്ന കർത്താവിന്റെ സന്നിധിയിൽ നാം താഴ്ന്നാൽ അവൻ നമ്മെ ഉയർത്തും.

നിനവെ പട്ടണത്തിലെ ജനങ്ങൾ തങ്ങളുടെ ദുർമ്മാർഗ്ഗം വിട്ടുതിരിഞ്ഞ് മാനസാന്തരപ്പെട്ടില്ലെങ്കിൽ ആ പട്ടണത്തെ നശിപ്പിക്കുമെന്നു ദൈവം മുന്നറിയിച്ചു. യോനാപ്രവാചകൻ അവരോടു ദൈവത്തിന്റെ മുന്നറിയിപ്പ് അറിയിച്ചു. അവർ അതു കേട്ടു മാനസാന്തരപ്പെട്ടു. അങ്ങനെ ദൈവകോപം അവരിൽ നിന്നു നീങ്ങി. നാമും നമ്മുടെ ജീവിതത്തിൽ മാനസാന്തരപ്പെട്ടാൽ ദൈവകോപം ഒഴിവാകും.

# യഥാർത്ഥ ജ്ഞാനം ദൈവത്തിൽ നിന്നോ? മനുഷ്യനിൽ നിന്നോ?

ഗ്യാരിസി ഹാംടൻ

**പ്രസംഗത്തിന്റെ ഭോഷത്വം**

ലൗകിക മനസ്സുള്ളവർക്കു സുവിശേഷ പ്രസംഗം നിസാരവും ഭോഷത്വവുമാണ്. രക്ഷിക്കപ്പെടുന്നവർക്കു അതു ദൈവശക്തിയാണ്. ഡൈനാമിറ്റ് എന്നതിനുള്ള ഗ്രീക്കു വാക്കാണ് റോമാലേഖനം 1-ാം അദ്ധ്യായത്തിൽ 16-ാം വാക്യത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. അതിലുപരിയായി മനുഷ്യൻ ദൈവത്തിന്റെ പരിജ്ഞാനം പഠിക്കയും അതിൽ ആശ്രയിക്കുകയും വേണം കാരണം അതു മനുഷ്യർക്കായി വെളിപ്പെടുത്തിയിരിക്കുന്നതാണ്. യെശയ്യാവ് 29:14 ഉദ്ധരിച്ചിരിക്കയാണ്. അതു മനുഷ്യന്റെ കഴിവിൽ നില്ക്കുന്ന ഒന്നല്ല. സ്വയമായി മനുഷ്യന് തന്നെ രക്ഷിക്കാൻ സാദ്ധ്യമല്ല (1 കൊരിന്ത്യർ 1:18, യെശയ്യാവ് 10:23).

മനുഷ്യർ തങ്ങളുടെ അറിവിൽ വലിയ തലയുള്ളവർ എന്നു അഭിമാനിച്ചിട്ടുണ്ട്. എന്നാൽ അതു വെച്ചു ദൈവത്തെ അറിയുക പ്രയാസമാണ്. മനുഷ്യരുടെ ഉപയോഗത്തിനാണ് സർവ്വവും നല്കിയിരിക്കുന്നതെങ്കിലും ദൈവത്തെ അറിയുവാൻ ദൈവികമായ വെളിപ്പാടാണ് ആവശ്യം. അരയോപഗമദ്ധ്യേനിന്നു അപ്പൊസ്തലനായ പൗലോസ് പറഞ്ഞതു, അഥേനാ പുരുഷന്മാരേ, നിങ്ങൾ എല്ലാറ്റിലും അതിഭക്തർ എന്നു ഞാൻ കാണുന്നു. മനുഷ്യർ ദൈവത്തെ തപ്പിനോക്കി കണ്ടെത്തുമോ എന്നു വെച്ചു അവനെ അന്വേഷിക്കേണ്ടതിനു തന്നേ, അവൻ നമ്മിൽ ആർക്കും അകന്നിരിക്കുന്നവനല്ലതാനും (പ്രവൃത്തി 17:22-31). തിരുവചനത്തിലാണ് ദൈവത്തെക്കുറിച്ചുള്ള സർവ്വ അറിവും വെളിപ്പെടുത്തിയിരിക്കുന്നത്. മനുഷ്യർ അതു വിശ്വസിച്ചാലും ഇല്ലെങ്കിലും അതാണ് സത്യം (1 കൊരിന്ത്യർ 1:20-21).

**യേശുക്രിസ്തുവാണ് ദൈവപരിജ്ഞാനത്തെ കാണിച്ചത്.**

യേശുക്രിസ്തു സുവിശേഷ പ്രസംഗം നടത്തിയപ്പോൾ യെഹൂദന്മാർ അതു വിശ്വസിക്കേണ്ടതിനു അടയാളം ആവശ്യപ്പെട്ടു. യെഹൂദന്മാർ അടയാളം ആവശ്യപ്പെട്ടതിന്റെ നിരവധി ഉദാഹരണങ്ങൾ മെക്ഗാർവെയും പാണ്ടലേട്ടനും പറഞ്ഞിട്ടുണ്ട് (മത്തായി 12:38;16:1; യോഹന്നാൻ 1:18; 4:48) റോമിനെ കീഴ്പ്പെടുത്തുന്ന

ഒരു മശിഹയെയാണ് അവർ കാത്തിരുന്നത്. അതുകൊണ്ട് യേശുവി
ഉപദേശവും ക്രൂശും യെഹൂദന്മാർക്കു ഇടർച്ചയായി തീർന്നു. ഇ
ലോകത്തിനപ്പുറമായ രാജ്യത്തെക്കുറിച്ചു അവർക്കു ചിന്തിക്കാ
കഴിഞ്ഞില്ല. തീർച്ചയായും അവരുടെ മശിഹാ ക്രൂശിൽ മരിക്കുവാൻ അ
ആഗ്രഹിച്ചില്ല. പക്ഷെ അവർ യേശുവിനെ മശിഹയായി കണ്ടില്ല എന്നതാ
വാസ്തവം.

ദൈവത്തിന്റെ വക്താവിനെ യവനഭാഷക്കാർ തള്ളിക്കളഞ്ഞ
മറ്റൊരു കാരണം കൊണ്ടായിരുന്നു. ലോകം അറിഞ്ഞിട്ടില്ലാ
ജ്ഞാനിയെയാണ് അവർ ആഗ്രഹിച്ചത് അവരുടെ ജ്ഞാനത്തി
ജഡത്തിൽ തന്നെ പാപം ഉണ്ട് എന്നു പറയുന്നു. അതുകൊണ്ട് ദൈ
ജഡത്തിൽ വന്നതു അവർക്കു വിശ്വസിക്കാനായില്ല അതു അവരു
ജ്ഞാനവുമായി യോജിക്കുന്നില്ല (1 കൊരിന്ത്യർ 21:22-23).

,സുവിശേഷ സന്ദേശത്തിലൂടെയാണ് ദൈവം മനുഷ്യ
വിളിക്കുന്നത്. ഞങ്ങളോ, കർത്താവിനു പ്രിയരായ സഹോദരന്മാ
ദൈവം നിങ്ങളെ ആദിമുതൽ ആത്മാവിന്റെ വിശുദ്ധീകരണത്തില
സത്യത്തിന്റെ വിശ്വാസത്തിലും രക്ഷെക്കായി തിരഞ്ഞെടുത്തതുകൊണ
നിങ്ങൾ നിമിത്തം ദൈവത്തെ എപ്പോഴും സ്തുതിപ്പാൻ കടപ്പെട്ടിരിക്കുന
നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വം പ്രാപിപ്പാനളൈ
അവൻ ഞങ്ങളുടെ സുവിശേഷഘോഷണത്താൽ നിങ്ങളെ രക്ഷക
വിളിച്ചതു (2 തെസ്സലൊനിക്യർ 2:13-14). സുവശേഷവിളി കേട്ടവർക
ക്രിസ്തുവിന്റെ മഹത്വത്തെ കാണ്മാൻ കഴിയും. രക്ഷക്കു ആവശ്യമാ
പരിജ്ഞാനത്തെ അതിന്റെ എല്ലാ അർത്ഥത്തോടെ അവർ ഉൾക്കൊണ
(കൊലൊസ്യർ 1:24)

യേശുവിന്റെ ക്രൂശിലെ മരണം യവനന്മാർക്കു ഭോഷത്വമായാ
തോന്നുന്നത്. അതു മനുഷ്യന്റെ ജ്ഞാനത്തിനപ്പുറമാണ്. ആ മരണത്തി
സകല മനുഷ്യരുടേയും മരണത്തെ നീക്കം ചെയ്യുവാൻ കഴിഞ്ഞ
ക്രൂശിലെ ക്രിസ്തുവിന്റെ മരണം യെഹൂദന്മാർ ബലഹീനതയു
അടയാളമായിട്ടാണ് കണ്ടത് അങ്ങനെ തന്നെ മഹാപുരോഹിതന്മാര
ശാസ്ത്രിമാരും മൂപ്പന്മാരും പരിഹസിച്ചു. ഇവൻ മറ്റുള്ളവരെ രക്ഷിച
തന്നെത്താൻ രക്ഷിപ്പാൻ കഴിയുകയില്ല. അവൻ യിസ്രായേലിന്റെ രാജാ
ആകുന്നുവെങ്കിൽ ഇപ്പോൾ ക്രൂശിൽ നിന്നു ഇറങ്ങി വരട്ടെ എന്നാ
ഞങ്ങൾ അവനിൽ വിശ്വസിക്കാം (മത്തായി 27:41-42).

ആ മരണത്തിൽ സാത്താൻ ശക്തിരഹിതനായി (ഉല്പത്തി 3:1
ലോകത്തിലെ സകലമനുഷ്യർക്കും ക്രിസ്തുവിന്റെ യാഗത്തോ

ബന്ധപ്പെടുവാൻ കഴിഞ്ഞു. മരിച്ചവർക്കു പുനരുത്ഥാനം ഉണ്ടെന്ന് യേശു അതിലൂടെ തെളിയിച്ചു. അവന്റെ ശാരീരിക മരണം നിമിത്തം നമ്മുടെ ശിക്ഷ ഒഴിവായി. ആത്മീയമായി നാം അനുഭവിക്കേണ്ടതു അവന്റെ മരണം മൂലം ഇല്ലാതാക്കാൻ വഴിയൊരുക്കി (1 കൊരിന്ത്യർ 1:25; എബ്രായർ 2:14-18).

**ദൈവത്തിൽ നിന്നുള്ള പരിജ്ഞാനമായിരുന്നു ക്രിസ്തു**

അപ്പൊസ്തലനായ പൗലോസ് കൊരിന്ത്യർക്കു ലേഖനം എഴുതുമ്പോൾ പറഞ്ഞതു സഹോദരന്മാരേ, നിങ്ങളുടെ വിളിയെ നോക്കുവിൻ; ലോകാഭിപ്രായപ്രകാരം ജ്ഞാനികൾ ഏറെയില്ല ബലവാന്മാർ ഏറെയില്ല, കുലീനന്മാരും ഏറെയില്ല (1 കൊരിന്ത്യർ 1:26) എന്നാണ്. അവർ ആരും തന്നെ യേശുവിനെ അനുഗമിച്ചില്ല. ലോകത്തിൽ മതത്തെ കയ്യടക്കിവെച്ചവർ യേശുവിനെ തിരിച്ചറിഞ്ഞില്ല. താഴെക്കിടയിലുള്ളവർ അവരെയാണ് അനുകരിച്ചു വന്നത്. ആളുകൾ പലപ്പോഴും സമൂഹത്തിൽ സ്വാധീനമുള്ള ജനബാഹുല്യത്തെയാണ് പിൻപറ്റുന്നത്. സത്യത്തെ മനസ്സിലാക്കുന്നില്ല. ലോകത്തിൽ ബലമുള്ളവരെ ലജ്ജിപ്പിക്കാൻ ബലഹീനമായതു തിരഞ്ഞെടുത്തു. യേശുക്രിസ്തു തിരഞ്ഞെടുത്തതു മീൻ പിടിത്തക്കാരെയാണ്. ഇതു സാമൂഹ്യ ഉയർച്ചയിൽ ആണെന്നഭിമാനിക്കുന്നവർക്കു സഹിക്കാവുന്നത് ആയിരുന്നില്ല.

മനുഷ്യർ തങ്ങളുടെ ഉദ്ദേശം നിറവേറ്റാൻ എടുക്കുന്ന മാർഗ്ഗമല്ല ദൈവം എടുക്കുന്നത്. അതിനാൽ ദൈവത്തിന്റെ മാർഗ്ഗത്തെയും ശക്തിയെയും അന്വേഷിപ്പാൻ അധികം പേരും തയ്യാറാകുന്നില്ല (സങ്കീർത്തനങ്ങൾ 8:2; യാക്കോബ് 2:5). താഴ്ന്ന നിലയിൽ ജനിച്ചവരെ ദൈവം തെരഞ്ഞെടുക്കുന്നു. മനുഷ്യർക്കു ചിന്തിക്കാൻ പോലും കഴിയാത്തതിനെ ദൈവം എടുത്തു ഉപയോഗിക്കും. ക്രൂശ് ശപിക്കപ്പെട്ടതെന്നാണ് മനുഷ്യർ കരുതിയത്. യേശു ആ ശാപം ഏറ്റു. യേശുവിന്റെ മരണത്തോടെ അവന്റെ ഉപദേശവും ക്രിസ്ത്യാനിത്വവും ഇല്ലാതാവും എന്നുമനുഷ്യർകരുതി യേശു ഉയിർത്തെഴുന്നേറ്റു വന്നപ്പോൾ മനുഷ്യരുടെ വിചാരങ്ങൾ തെറ്റായിപ്പോയി എന്നു തെളിയിച്ചു. മനുഷ്യർ മനുഷ്യനു ബഹുമാനവും മഹത്വവും കൊടുക്കുന്നു ; സകലമാനവും മഹത്വവും ദൈവത്തിനു മാത്രമുള്ളതാണ്. മനുഷ്യരെയും സമുദായത്തെയും ഭയപ്പെട്ടുകൊണ്ട് ദൈവ വചനം അനുസരിക്കാതിരുന്നവർ

ദൈവത്താലുള്ള മാനത്തേക്കാൾ മനുഷ്യരുടെ മാനം പ്രതീക്ഷിക്കുന്നവരാണ് (1 കൊരിന്ത്യർ 1:27-29; മത്തായി 2:16; 2കൊരിന്ത്യർ 4:7).

നാം സുവിശേഷം എന്ന ദൈവ സന്ദേശം വിശ്വസിച്ചാണ് ദൈവത്തെ അനുസരിക്കേണ്ടത് യേശുവിനെ ശ്രദ്ധിച്ചാൽ, യേശുക്രിസ്തുവിന്റെ പരിജ്ഞാനം നമ്മിൽ വന്നാൽ നാം അസാധാരണമായ ജ്ഞാനമുള്ളവരാകും (മത്തായി 12:42) യേശുക്രിസ്തുവിലുള്ള വിശ്വാസം മൂലമാണ് ദൈവം നമ്മെ നീതീകരിക്കുന്നത്. കാരണം യേശുവാണ് പാപങ്ങൾക്കു പ്രായശ്ചിത്തം വരുത്തിയത് (2കൊരിന്ത്യർ 5:21) വിശുദ്ധീകരണം എന്നതു ലോകത്തിൽ നിന്നും ദൈവത്തിലേക്കുള്ള വേർപാടാണ് പാപത്തിനു നമ്മുടെ ശരീരത്തിലുള്ള ശക്തിയെ ഇല്ലാതാക്കികഴിഞ്ഞൽ നമുക്കു ദൈവത്തോടു ബന്ധപ്പെടാൻ കഴിയും രക്ഷ ദൈവപരിജ്ഞാനത്താലായതു കൊണ്ട്, പരിജ്ഞാനമില്ലെങ്കിൽ നാശമാണ് ഫലം. മാനുഷിക ജ്ഞാനത്തെ വിട്ടു കളഞ്ഞു ദൈവവചന പരിജ്ഞാനത്താൽ ദൈവത്തെ അറിഞ്ഞു ദൈവത്തെ അനുസരിച്ച് ദൈവികമായ രക്ഷയും നിത്യജീവനും പ്രാപിക്കുക.

ലോകം ആധുനികതയിലേക്ക് കുതിക്കുന്നു എങ്കിലും ധാർമ്മികതയും ആത്മീകതയും സമൂഹത്തിൽ വഴിതെറ്റിപ്പോയിരിക്കയാണ്. അത് തിരിച്ചുകൊണ്ടുവരുവാൻ ദൈവികപദ്ധതിയല്ലാതെ മറ്റു മാർഗ്ഗമില്ല. തിരുവെഴുത്തുകൾ മനുഷ്യരെ നേർവഴിയിലേക്ക് വരുത്തുക എന്ന ഉദ്ദേശത്തോട് പ്രദാനം ചെയ്തിരിക്കുന്ന മനുഷ്യരുടെ ജീവിതാരംഭം മുതൽ അവർ ദൈവത്താൽ ഉപദേശിക്കപ്പെടേണ്ടതാണ്. പക്ഷേ അതിൽനിന്നും ഭിന്നമായ നിരവധി ഉപദേശക്രമങ്ങൾ മനുഷ്യർക്കിടയിൽ വ്യാപകമായി പ്രചരിച്ചിത്തുണ്ട് അതാണ് മനുഷ്യർക്കിടയിൽ ഭിന്നിപ്പുണ്ടാകാൻ കാരണം.

നമ്മെജീവിപ്പിക്കുന്നത് ജീവനുള്ള വചനമാണ് പ്രായോഗികതലത്തിൽ ഭൗതികമായും ആത്മീകമായും പ്രയോജനപ്പെടേണ്ടതിന് മാനുഷികബുദ്ധിയേക്കാൾ കവിയുന്ന ദൈവികമായ സമാധാനം വചനമനുസരിക്കുന്നതിലൂടെ മാത്രമേ ലഭിക്കൂ. നിങ്ങൾ ദൈവത്തിന്റെ അരുളപ്പാട് അനുസരിച്ച് രക്ഷിക്കപ്പെടും എന്ന് പ്രത്യാശിക്കുന്നു.

✶

# വാർത്തകൾ

## തിക്കിലും തിരക്കിലും 1000 മരണം.

ഉത്തരബാഗ്ദാദിൽ ടൈഗ്രിസ് നദിക്കടുത്തുള്ള ഖാദിമിയ മുസ്ലീം പള്ളിയിൽ തീർത്ഥാടനത്തിനെത്തിയ ജനക്കൂട്ടത്തിനിടയിൽ ബോംബുമായി ചാവേർ ഉണ്ടെന്ന സംശയത്തെത്തുടർന്നു രക്ഷപ്പെടാൻ പരക്കം പാഞ്ഞ ആയിരം പേരെങ്കിലും മുങ്ങിയും ചവിട്ടേറ്റും മരിച്ചു. മരിച്ചവരിൽ അധികവും സ്ത്രീകളും കുട്ടികളുമാണ്. മരിച്ച അമ്പതോളം പേരുടെ ശരീരത്തിൽ വിഷാംശമുള്ളതായി ആശുപത്രിയിൽ നടന്ന പരിശോധനയിൽ തെളിഞ്ഞതായി റിപ്പോർട്ടുകളുണ്ട്. എന്തുതരം വിഷമാണെന്നു സ്ഥിരീകരിച്ചിട്ടില്ല.

★

## യുവാവിന്റെ മരണം: മൂന്ന് സ്വകാര്യ ആശുപത്രികൾ പൂട്ടിച്ചു

സ്വകാര്യ ആശുപത്രിയിൽ ചികിൽസയിൽ കഴിഞ്ഞ യുവാവ് പിന്നീട് മെഡിക്കൽ കോളജ് ആശുപത്രിയിൽ മരിച്ചതിനെത്തുടർന്നു ക്ഷുഭിതരായ നാട്ടുകാർ മൂന്ന് സ്വകാര്യ ആശുപത്രികൾ പൂട്ടിച്ചു.

★

## കോമള അമ്മയെ കൊലചെയ്തത് മകനാണെന്നു തെളിഞ്ഞു

ദുരൂഹ സാഹചര്യത്തിൽ മരിച്ച നിലയിൽ കണ്ട മങ്ങാട്ടുകോണം ഇടവിളാകത്ത് വീട്ടിൽ കോമള അമ്മ (48)യെ മൂത്തമകൻ അനിൽകുമാർ (കിളിക്കുട്ടൻ -28) കഴുത്തുമുറുക്കി കൊന്നതാണെന്ന് പൊലീസ് അറിയിച്ചു.

വെള്ളിയാഴ്ച രാവിലെ കോമള അമ്മയുടെ ജഡം കഴുത്തുമുറുക്കി കൊലചെയ്ത നിലയിൽ വീടിനുസമീപമുള്ള പശുത്തൊഴുത്തിൽ കണ്ടിരുന്നു. കൊലയ്ക്കുപിന്നിൽ അനിൽ കുമാറാണെന്ന സംശയത്തിൽ നാട്ടുകാർ ഇയാളെ പിടികൂടി പൊലീസിൽ ഏൽപ്പിച്ചു. തുടർന്ന് ചോദ്യംചെയ്യലിലാണ് സത്യം വെളിപ്പെട്ടത്.

★

## പ്രളയം പഠിപ്പിച്ച പാഠങ്ങൾ

നൂറ്റാണ്ടിലെ ഏറ്റവും വലിയ പേമാരിയുണ്ടാക്കിയ കെടുതികളിൽനിന്നു മുംബൈ നഗരവും പരിസരങ്ങളും കരകയറികഴിഞ്ഞു. തിമർത്തുപെയ്ത മഴയും പ്രളയവും പിന്നീട് പടർന്നുകയറിയ രോഗങ്ങളും അതിജീവിച്ച് ഇപ്പോൾ പ്രളയ കാരണങ്ങളിലേക്കും തുടർനടപടികളിലേക്കുമാണു നഗരം കടക്കുന്നത്.

അത്യാധുനിക നഗരമാകാൻ കോപ്പുകൂട്ടി പദ്ധതികൾ വിഭാവനം ചെയ്ത മുംബൈയുടെ മേൽ പെയ്തിറങ്ങിയ ദുരിതമഴ നഗരത്തിന്റെ എല്ലാ ദൗർബല്യങ്ങളെയും മുഖമടച്ച് അടിച്ചു. നഗര ജനസംഖ്യയുടെ അറുപതു ശതമാനം ചേരികളിൽ താമസിക്കുന്നെന്നും അവരാണു വികസന പ്രവർത്തനങ്ങൾക്കു വിഘാതമാകുന്നതെന്നുമുള്ള വാദത്തെ ന്യായീകരിക്കാൻ അവസരം നൽകാതെ നഗരത്തിലെ പരിഷ്കൃത മേഖലകളിലൊക്കെ രോഗാണുക്കളും മൃഗങ്ങളുടെ ശവശരീരങ്ങളുമായി കലക്കവെള്ളം ഇരച്ചുകയറി.

✶

## പ്രിയംവദയുടെ സ്വകാര്യ സമ്പാദ്യത്തിൽ അപൂർവ നാണയശേഖരം

പ്രിയംവദ ബിർളയുടെ സ്വകാര്യ സമ്പാദ്യത്തിൽ അപൂർവ നാണയം, കലാവസ്തു ശേഖരം. എം.പി. ബിർളയുടെ ഭാര്യയായിരുന്ന പ്രിയംവദയുടെ സ്വകാര്യസ്വത്തുക്കൾ തിട്ടപ്പെടുത്താൻ കൽക്കട്ട ഹൈക്കോടതി നിയോഗിച്ച പ്രത്യേക ഉദ്യോഗസ്ഥർ കോടതിക്കു നൽകിയ റിപ്പോർട്ടിലാണ് ഇക്കാര്യം.

✶

## റാഗിങ് എതിർത്തതിനു വിദ്യാർഥിക്കു ക്ലാസ് മുറിയിൽ മർദനം

പത്തനാപുരത്തെ യുണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (യു. ഐ. ടി) സെന്ററിൽ റാഗിങ് എതിർത്ത വിദ്യാർത്ഥിയെ ക്ലാസിൽ കയറി മർദിച്ചതു വിവാദമാകുന്നു.

ഒന്നാം വർഷ ബി.എസ്സി. കംപ്യൂട്ടർ സയൻസ് വിദ്യാർഥി

ഇടത്തറ ഇടവിളയിൽ വീട്ടിൽ അരുൺരാജിനാണു (18) ചൊവ്വാഴ്ച ക്രൂരമായി മർദനമേറ്റത്.

✱

## വേഷപ്രച്ഛന്നനായി ഋഷിരാജ്സിങ് വീണ്ടും

ജോലി ചെയ്ത വകുപ്പുകളിലൊക്കെ വേഷപ്രച്ഛന്നനായി ക്രമക്കേടുകൾ കണ്ടെത്തുന്ന വൈദ്യുതിവകുപ്പ് വിജിലൻസ് ഐ.ജി.ഋഷിരാജ്സിങ് കാസർകോട്ടെ വൈദ്യുതി ഉദ്യോഗസ്ഥനെയും വെട്ടിലാക്കി.

✱

## നിർധന വിദ്യാർഥികൾക്കു സ്കോളർഷിപ്പ്

കേരള സർവകലാശാലയുടെ അഫിലിയേറ്റ് കോളജുകളിലും ഡിപ്പാർട്ടുമെന്റുകളിലും പഠിക്കുന്ന നിർധന വിദ്യാർഥികൾക്കു സ്കോളർഷിപ്പ് നൽകും.

2004-05, 2005-06 ലേയ്ക്കു ഡിഗ്രിവിദ്യാർഥികൾക്ക് 1000 രൂപയും, പി.ജി.വിദ്യാർഥികൾ 1500 രൂപയുമാണ് സ്കോളർഷിപ്പ്. വാർഷിക വരുമാനം 25,000 രൂപയിൽ കവിയരുത്.

✱

## രക്ഷപ്പെടാൻ ശ്രമിക്കവെ ബൈക്ക് മതിലിലിടിച്ചു പ്രതി കുടുങ്ങി.

പൊലീസിനെ കണ്ട് രക്ഷപ്പെടാൻ ശ്രമിക്കവെ ബൈക്ക് മതിലിലിടിച്ചു പരിക്കുപറ്റിയ പീഡന കേസിലെ പ്രതിയെ അറസ്റ്റു ചെയ്തു. മയിലാടിക്കടുത്ത് കാമരാജൻ കോളനിയിൽ ഓട്ടോഡ്രൈവർ ബാലകൃഷ്ണ(24)നാണ് പൊലീസ് പിടിയിലായത്.

✱

## ഗൾഫിൽ നിന്ന് മടങ്ങിയ ആളുടെ പെട്ടി തട്ടിയെടുത്ത രണ്ടുപേർ പിടിയിൽ

ഗൾഫിൽനിന്നു മടങ്ങിയ യാത്രക്കാരന്റെ പെട്ടി തട്ടിയെടുത്ത് ഓടിപ്പോയ രണ്ടു തമിഴ് യുവാക്കളെ റയിൽവേ

പൊലീസ് പിടികൂടി. ഇവർ തമിഴ്നാട്ടിലും മോഷണക്കേസുകളിൽ പ്രതികളാണെന്നു പൊലീസ് പറഞ്ഞു. മധുര ദേവി നഗർ സുന്ദർ തേവർ കോംപൗണ്ട് 35-ാം നമ്പർ വീട്ടിൽ നരേഷ് കുമാർ (21), തൂത്തുക്കുടി കോവിൽപ്പെട്ടി മന്തിത്തോപ്പ് മുത്തു (22) എന്നിവരാണു കഴിഞ്ഞ ദിവസം വൈകിട്ടു മധുര പാസഞ്ചർ ട്രെയിൻ പോകാൻ നിൽക്കുമ്പോൾ പിടിയിലായത്.

## ടാക്സി ഡ്രൈവറുടെ കൊലപാതകം : മൂന്നു പേർ പിടിയിൽ

ടാക്സി ഡ്രൈവർ നിലമേൽ ഷീജ മൻസിലിൽ താഹയെ കൊലപ്പെടുത്തി ഓടയിൽ തള്ളിയ എട്ടംഗ സംഘത്തിലെ മൂന്നു പേർ പിടിയിൽ. കുരിയോട് ചരുവിളയിൽ ശശി (52), ഇളമ്പഴന്നൂർ അട്ടിയിൽ പത്മവിലാസത്തിൽ സുരേന്ദ്രൻ (44), പോരേടം മൂലം കോട് ലക്ഷം വീട്ടിൽ മണി (32) എന്നിവരാണ് പിടിയിലായത്. വെള്ളിയാഴ്ച രാവിലെയാണ് താഹയെ മുരുക്കുമൺ യു. പി. എസിന് സമീപം ഓടയിൽ കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തിയത്.

## റോഡിലെ കുഴി യുവാവിന്റെ ജീവൻ കവർന്നു

ദേശീയ പാതത്തിലെ കുഴി മറികടക്കാൻ വെട്ടിച്ച ലോറികയറി ബൈക്ക് യാത്രക്കാരൻ മരിച്ചു. മണ്ണാർക്കാട് വടക്കുമണ്ണം നെടിയോടത്ത് കുഞ്ഞി മുഹമ്മദിന്റെ മകൻ ഷഫീഖാണ് (22) മരിച്ചത്. കുഴിയിൽ ചാടാതെ വലതു വശം വഴി വന്ന ലോറി ഷഫീഖിന്റെ ബൈക്കിൽ ഇടിക്കുകയായിരുന്നുവെന്ന് ദൃക്സാക്ഷികൾ പറഞ്ഞു.

## HEAR THE VOICE OF TRUTH ON RADIO

# SRILANKA

| | |
|---|---|
| **Hindi** | Sundays 6:45 A.M.-7:00 A.M. and Thursdays, 6:45 A.M- 7:00 A.M. Speaker Sunny David, Box 3815, New Delhi - 110049 |
| **Malayalam** | Firday 3:45 - 4.00 P.M. Speaker : P. K.Varghese Box 5540, Trivandrum - 34 |
| **Tamil** | Mondays, Tuesdays, Wednesdays, Thursdays, Fridays 5:30 P.M. to 5.45 P. M. Speaker: P.R. Swamy, Box 8405, Bangalore- 560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P. M - 2:15 P. M. Speaker, Joshua Gootam, Box-80, Kakinada - 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your langauage. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum - 695 035, Kerala, India

**Price of Single Copy : Rs. 4/-**

Annual subscription : Rs. 50/-

Reg. No.K. Dis. 90095/86/A8. Reg. No. KL(N) 22/2003-2005

Licensed to post without prepayment No. Tech/62-2 TV(N) 40/2005

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday - worship -10.00 am**

**Tuesday - Bible Study - 6.00 pm**

**ALL ARE WELCOME**

All correspondence should be sent to the Editor, The Bible Truth Post Box No. 5540, Trivandrum-34, Kerala, India.

*From*

**THE BIBLE TRUTH**
**Church of Christ**
Thampuranmukku,
Trivandrum-35
Kerala, India.
Phone : 2303378

*To*